1044

പൌരധർമ്മ പ്രബോധിനി

ഭാഗം I

by

പി. കുഞ്ഞികൃഷ്ണമേനോൻ

VIMAL ISLAM HIGH SCHOOL
ERNAKULAM.

നാലാംഫാറം പൌരധർമ്മപ്രബോധിനി

CIVICS FOR FORM IV

10 HH

പുതിയ പാഠപദ്ധതിയനുസരിച്ചു തയ്യാറാക്കപ്പെട്ടതു്.

BY

P. KUNJIKRISHNA MENON, B. A., B. O. L.,

Govt. Training College, Trichur.

(Author of History texts and Notes for High School Classes, Member of the Cochin Text Book Committee and the Cochin Text Book Compilation Committee)

പ്രസാധകൻ:

കെ. എൻ. ശങ്കരമേനോൻ, ബി. ഏ., എൽ. ടി.,

ഇരിഞ്ഞാലക്കുട.

ഒന്നാംപതിപ്പ് ആഗസ്റ്റ് 1947.
കോപ്പി 2000

വില 8ണ.

വിഷയവിവരം.

ഉപക്രമം. പേജ്.

ഒന്നാം അദ്ധ്യായം.

1. പൌരധർമ്മത്തിന്റെ അർത്ഥം 3
2. പൌരൻ ആര് 5
3. സേവനബോധത്തിന്റെ പുരോഗതി 7
4. മഹാത്മാഗാന്ധിയും പൊതുജനസേവനവും 9

രണ്ടാം അദ്ധ്യായം—

പൌരാവകാശങ്ങളും ചുമതലകളും.

1. പ്രവർത്തനസ്വാതന്ത്ര്യവും തൊഴിൽ മഹിമയും 12
2. വിദ്യാഭ്യാസം 14
3. സാങ്കേതികപരിശീലനം 16
4. പൌരസ്വാതന്ത്ര്യം 17
5. സാമ്പത്തികസാമുദായികരക്ഷ 21

മൂന്നാം അദ്ധ്യായം.

1. കുടുംബവും പൌരജീവിതവും 25
2. സംഘടനകൾ 28
3. സംഘടനകളും നിയന്ത്രണനിയമങ്ങളും 37

QUL ISLAM HIGH S... TOOL ... ERNAKULAM

പൌരധർമ്മപ്രബോധിനി.

ഉപക്രമം.

മനുഷ്യർ ജീവിക്കാൻ വേണ്ടി ഇരയും തേടി അലഞ്ഞുനടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്ന് അവർക്ക് വീടില്ല, കുടുംബമില്ല, ചുമതലയില്ല. വല്ല ഗുഹകളിലോ പാറപ്പിളപ്പുകളിലോ കിടന്നു രാത്രികാലം കഴിച്ചുകൂട്ടും. പകലൊക്കെ അലഞ്ഞും നടക്കും. വളരെ സാവധാനത്തിലേ അവരുടെ ബുദ്ധിക്കു വികാസം സിദ്ധിച്ചിരുന്നുള്ളൂ. പ്രാചീനശിലായുഗം എന്നു ചരിത്രകാരൻ പറയുന്ന ആ പഴയകാലത്തെ മനുഷ്യർ നമ്മളെപ്പോലെയുള്ള ചുമതലകളൊന്നുമുണ്ടായിരുന്നില്ല.

ഒറ്റതിരിഞ്ഞുള്ള ഈ അപരിഷ്കൃതജീവിതം ക്രമേണ മാറിത്തുടങ്ങി. ഫലപുഷ്ടിയുള്ള സ്ഥലങ്ങൾ കണ്ടെത്തിപ്പിടിച്ചു കൃഷിചെയ്യുക, കന്നുകാലികളെ വളർത്തുക തുടങ്ങിയ സംഘങ്ങളിൽ കൈയ്യകം മനിച്ചപ്പോൾ ഒരിടത്തു സ്ഥിരവാസമുറപ്പിക്കാതെ നിവൃത്തിയില്ലെന്നായി. ഇങ്ങനെ, ഭവനങ്ങളും കുടുംബങ്ങളും പെരുകിത്തുടങ്ങി. കുടുംബാംഗങ്ങൾ ഓരോ പ്രത്യേക ജോലികളിൽ വ്യാപൃതരായി. ചിലർ കൃഷിചെയ്യും; ചിലർ കന്നുകാലികളെ വളർത്തി; ചിലർ വസ്ത്രം നെയ്യും; ചിലർ മേലനോഷണം നടത്തി. ഇങ്ങനെ തൊഴിലുകൾ വിഭജിച്ച് കുടുംബത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി എല്ലാ അംഗങ്ങളും സഹകരിച്ചു പ്രവർത്തിക്കുകയെന്ന ഒരു ചുറ്റുപാടുണ്ടായി. അതോടെ മനുഷ്യജീവിതം പുരോഗമിച്ചു. ഇന്ന് നാം രാജ്യം 'State' എന്നു

പറയുന്ന ആ വമ്പിച്ച സംഘടനയുടെ അടിക്കല്ലിട്ടത് ഇത്തരം കുടുംബങ്ങളാണ്.

മനുഷ്യനു ജീവിക്കാൻ പറ്റിയ സാഹചര്യങ്ങളും മേൽപറഞ്ഞവിധം ചിലേടങ്ങളിൽ സജ്ജമാക്കിത്തുടങ്ങിയപ്പോഴും മറ്റുള്ളവർ അങ്ങോട്ടേക്ക് അടിഞ്ഞുകയറാൻ തുടങ്ങി. ഈ ജനപ്രവാഹത്തെ നിയന്ത്രിച്ചില്ലെങ്കിൽ 'തല്ലുകൊള്ളാൻ ചെണ്ട, പണം വാങ്ങാൻ മാരാർ' എന്ന സ്ഥിതിയാണ് വന്നുകൂടുക. എന്നാൽ, ആളുകളം ഒറ്റതിരിഞ്ഞുനിന്നാൽ എങ്ങനെയാണ് ഈ അടിഞ്ഞുകയറ്റത്തെ തടുക്കുക? ഇതാണ് ഒരു പൊതുസംഘടനയ്ക്കു പ്രചോദനം നൽകിയ പരിതഃസ്ഥിതി. പൊതുശത്രുവിനോടു നേരിടാൻ ഒരു സാമുദായികസംഘടന കൂടിയേ കഴിയൂ എന്നായി. ഇതിൽ നിന്നാണ് വർഗ്ഗം എന്നാണ് രൂപമെടുത്തത്. ഗ്രാമവും, നഗരവും, രാജ്യവുമൊക്കെ ഈ വർഗ്ഗബോധത്തിന്റെ ഇതളുകളായി വിടർന്നുണ്ടായതാണ്. അതിനെപ്പറ്റി ഇനി ഒരദ്ധ്യായത്തിൽ വിസ്തരിച്ചു പഠിക്കാം. മനുഷ്യൻ അവനവനുവേണ്ടി മാത്രം പോരാ പൊതുനന്മയ്ക്കുവേണ്ടിയും കൂടി പരിശ്രമിച്ചേ കഴിയൂ എന്ന ഒരു സ്ഥിതിയാണ് വന്നു കൂടിയത്. ഒറ്റതിരിഞ്ഞു നിന്നാൽ അവനവനും മറ്റുള്ളവർക്കും അതുകൊണ്ടു ദോഷം സംഭവിക്കുമെന്ന നിലയായി. അന്നാണ് പൌരബോധത്തിന്റെ വിത്തുവിതച്ചത്.

ഒന്നാം അദ്ധ്യായം

—o—

1. പൌരധർമ്മത്തിന്റെ അർത്ഥം.

മനുഷ്യനെ സമുദായജീവിയാക്കിത്തീർക്കുവാൻ വേണ്ട നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന ശാസ്ത്രമാണ് പൌരധർമ്മം. അതു രാഷ്ട്രശാസ്ത്രത്തേക്കാൾ വിസ്തൃതമാണ്. മനുഷ്യന്റെ പൊതുജീവിതത്തിന്റെ എല്ലാ വശങ്ങളും അതിന്റെ പരിധിയിൽ പെടുന്നു. രാഷ്ട്രശാസ്ത്രത്തിൽ ഭരണഘടനയും അതിലെ ഓരോ ഘടകത്തിന്റെയും ഉദ്ദേശങ്ങളും അവയുടെ നടത്തിപ്പിനു വേണ്ട സിദ്ധാന്തങ്ങളും മറ്റുമാണ് നിർദ്ദേശിക്കുന്നത്. ഈ സിദ്ധാന്തങ്ങളെപ്പറ്റി നല്ല ജ്ഞാനം സിദ്ധിച്ച ഒരുവനെ 'രാഷ്ട്രശാസ്ത്രജ്ഞൻ' എന്നു പറയാറുണ്ട്. പക്ഷേ, അങ്ങനെയുള്ള പലരും ചിലപ്പോൾ പൌരൻ എന്ന പദവിക്ക് അർഹരായില്ലെന്നുവരാം. മാത്രമല്ല, സാമ്പത്തികവും സാമുദായികവുമായ പുരോഗതിക്കാവശ്യമുള്ള സംഭാരങ്ങളൊന്നും രാഷ്ട്രശാസ്ത്രത്തിൽ ഉൾക്കൊള്ളിക്കാറില്ല. എന്നാൽ, പൌരധർമ്മത്തിൽ ഇവയെല്ലാം സ്ഥാനമുണ്ട്.

ഒരു യഥാർത്ഥ പൌരനാവാൻ ആവശ്യമുള്ളതെല്ലാം പരിശീലിപ്പിക്കുകയത്രേ പൌരധർമ്മത്തിന്റെ ലക്ഷ്യം. ഒരു ശാസ്ത്രം എന്ന നിലയിൽ അതു നമ്മെ സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നു. എന്നാൽ, നിർദ്ദേശങ്ങൾ കൊണ്ടുമാത്രം അതങ്ങിയിരിക്കുന്നില്ല പൌരധർമ്മം. അതാണ് രാഷ്ട്രശാസ്ത്രത്തെ അപേക്ഷിച്ച് അതിനുള്ള വ്യാപ്തിക്ക് ഒരു കാരണം. പൌരൻ തന്റെ അവകാശങ്ങളെ ഏതുവിധത്തിൽ ഉപയോഗിക്കണമെന്നും, തന്റെ ചുറ്റുപാടുകൾ എങ്ങനെ നിർവ്വഹിക്കണമെന്നും, പഠിപ്പിക്കേണ്ട ചുമതലകൂടി പൌരധർമ്മത്തിനുണ്ട്. നിരീക്ഷണവും പരീക്ഷണവു

വഴിയായി കണ്ടെത്തുന്ന ഫലങ്ങളെ ക്രോഡീകരിച്ച് സാമാന്യ സിദ്ധാന്തങ്ങളെ യുക്തിയുക്തം സമർത്ഥിക്കുകയാണ് ശാസ്ത്രത്തിന്റെ ധർമ്മം. പൌരധർമ്മവും ഈ മാർഗ്ഗങ്ങളൊക്കെ സ്വീകരിച്ച സിദ്ധാന്തങ്ങളുണ്ടാക്കുന്നു. എന്നാൽ, രസതന്ത്രം, ഗണിതം തുടങ്ങിയ ശാസ്ത്രങ്ങളിൽ നിരീക്ഷണത്തിനും പരീക്ഷണത്തിനും ആധാരമായ വസ്തുക്കൾ അതേരൂപത്തിൽ തന്നെ എന്നും വർത്തിക്കുന്നതുകൊണ്ട് സാമാന്യ സിദ്ധാന്തങ്ങളുണ്ടാക്കാൻ പ്രയാസമില്ല; അവയ്ക്കു മാറ്റവും വരാറില്ല. പൌരധർമ്മത്തിന്റെ നില അതാണോ? നിരീക്ഷണ പരീക്ഷണ വിധേയങ്ങളായ സംഭവഗതികളും സാമഗ്രികളും അനുക്ഷണം മാറിക്കൊണ്ടിരിക്കും. അതുകൊണ്ട് സാമാന്യ സിദ്ധാന്തങ്ങൾ രൂപീകരിക്കാൻ വളരെ പ്രയാസം കാണാറുണ്ട്. അതാണ് ഒരു ശാസ്ത്രം എന്ന നിലയിൽ പൌരധർമ്മത്തിനുള്ള വിഷമം.

ഒരു ഉദാഹരണംകൊണ്ട് ഈ വ്യത്യാസം സ്പഷ്ടമാക്കാം. $2 \times 4 = 8$ എന്ന സിദ്ധാന്തത്തിന് എപ്പോഴെങ്കിലും മാറ്റം സംഭവിക്കുമോ? ഏതു രാജ്യത്തായാലും, ഏതു കാലത്തായാലും ഇതിനു മാറ്റം വരാൻ നിവൃത്തിയില്ല. രണ്ട് എപ്പോഴും രണ്ടുതന്നെ നാല് നാലുതന്നെ. അവ പെരുക്കിയാൽ എട്ടല്ലാതെ വേറൊരു സംഖ്യയും കിട്ടാൻ സാധ്യതയുമില്ല. 'വെള്ളം ചൂടുപിടിപ്പിച്ചാൽ ആവിയായി പറഞ്ഞുപോകും' എന്ന സിദ്ധാന്തമെടുക്കുക. അതും മാറ്റംവരാത്ത ഒന്നാണ്. പക്ഷേ, പൌരധർമ്മത്തിന്റെ നിലയോ? വളരെ വിഷമംപിടിച്ചതാണ്. ഇന്നു നാം രൂപീകരിക്കുന്ന സിദ്ധാന്തം നാളെ മാറ്റിക്കളയേണ്ടിവരും. അഥവാ, അതു നാളത്തെ പരീക്ഷണത്തിനു വിധേയമാക്കാൻ സാധിക്കാത്തവിധം പരിതഃസ്ഥിതികളും മാറാൻ ഇടയുണ്ട്. കാരണവന്മാർ സഭകൂടി ആലോചിച്ചു ചെയ്യുന്ന തീരുമാനങ്ങളനുസരിച്ചുള്ള ഭരണം ഒരു കാലത്തു പൊതുജനസമ്മതമായിരുന്നു. എന്നാൽ, ഇന്നു നാം അതുകൊണ്ടു തൃപ്തിപ്പെടാൻ തയ്യാറുണ്ടോ? പ്രായപൂർത്തി വോട്ടവകാശത്തിനല്ലേ നാം മുറ

വിളിക്കുന്നു? നാളെ പതിനാറു വയസ്സു കഴിഞ്ഞവർക്കൊക്കെ വോട്ടവകാശം വേണമെന്നു സിദ്ധാന്തിക്കാൻ വിരോധമുണ്ടോ? നാളത്തെ പൌരന്റെ അവകാശങ്ങളുടെ പട്ടികയിൽ ഇന്നത്തേക്കാളും എന്തൊക്കെ മാറ്റങ്ങളും വരാം. ലോകം നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നതു്. പൌരധർമ്മവും ഇതോടൊപ്പം പരിണമിക്കുകയും വിധേയമായിട്ടേ ഇരിക്കൂ.

2. പൌരൻ ആരു്?

പൌരൻ എന്ന പദം യിങ്ങനെയു് പുത്തരിയല്ല. 'വമ്പിച്ച പൊതുയോഗ'ങ്ങളുടെ റിപ്പോർട്ടുകളും നിങ്ങളും പത്രങ്ങളിൽ വായിക്കാറില്ലേ? 'യോഗത്തിൽ പതിനായിരത്തോളം പൌരന്മാർ തടിച്ചുകൂടിയിരുന്നു' എന്നും മറ്റും കാണുക സാധാരണയല്ലേ? പക്ഷേ, ഇവിടെ 'പൌരൻ' എന്ന പദവി ആ വിശാലമനസ്കനായ പത്രലേഖകൻ യാതൊരു ലോഭവും കൂടാതെയാണു് സംഭാവന ചെയ്യുന്നതു്. അങ്ങനെയുള്ള പൊതുയോഗങ്ങളിൽ സംബന്ധിച്ച ഒരു പത്രലേഖകന്റെ പേയത്തുമ്പിൽ നിന്നും 'പൌരബിരുദം' കൈപ്പറ്റി ചരിതാർത്ഥരാവാൻ ഒരുങ്ങുന്നവർ ഈ പുസ്തകം അടച്ചുവെച്ചു് വേറെ എന്തെങ്കിലും ജോലിയിൽ ഏർപ്പെട്ടുകൊള്ളുക. 'നാളത്തെ പൌരൻ' എന്ന പദവി അന്വർത്ഥമാക്കണമെന്നു് ആഗ്രഹിക്കുന്ന വിദ്യാർത്ഥി പലതും അറിഞ്ഞിരിക്കേണ്ടതുണ്ടു്. അതു പഠിക്കേണ്ടതും പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതും നിങ്ങളുടെ കടമയാണു്. പ്രജായത്തഭരണത്തിന്റെ ലഹരിയിലാണു് ലോകത്തിലെവിടേയും ഇന്നു് ഇമ്പം കാണുന്നതു്. ഭരണയന്ത്രത്തിന്റെ ഘടകങ്ങളായിത്തീരാൻ പ്രായപൂർത്തിവന്ന ഏതാരാൾക്കും അവകാശമുണ്ടെന്നു നമ്മുടെ നേതാക്കന്മാർ നമ്മെ ധരിപ്പിച്ചിരിക്കുന്നു. ഈ നിലയ്ക്കു പലതും നമുക്കു മനസ്സിലാക്കാനുണ്ടു്.

വോട്ടവകാശം സിദ്ധിച്ചവരൊക്കെ പൌരന്മാരാണെന്നു ചിലർ പറയും. ഇതു പതുലേഖകരെപ്പോലെ വിശാലമനസ്കതയോടുകൂടി പറയുന്നതാണെന്നു മനസ്സിലാക്കേണം. ഏറ്റവും ചുരുങ്ങിയതോതിലുള്ള ഒരു തിരഞ്ഞെടുപ്പിനു വോട്ടു ചെയ്യുന്നതുകൊണ്ടോ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പേരുകൾ ഉരുവിട്ടു കാണാപ്പാഠമാക്കിയതുകൊണ്ടോ രാജ്യത്തിന്റെ ഭരണഘടനയെപ്പറ്റി ഏതാനും ചിലതൊക്കെ മനസ്സിലാക്കിയതുകൊണ്ടോ മാത്രം ഒരാൾ 'പൌരൻ'നാവുകയില്ല. ചുരുങ്ങിയതു താഴെ പറയുന്ന കാര്യങ്ങളും ലക്ഷ്യങ്ങളും ഉൾക്കൊള്ളുന്നതായിരിക്കണം പൌരധർമ്മം.

1. പൌരക്ഷേമത്തെ ഉദ്ദേശിച്ച് രൂപീകരിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെ ഘടനയെക്കുറിച്ചുള്ള ജ്ഞാനം,

2. സഹകരണപ്രസ്ഥാനത്തിൽ പരിജ്ഞാനം,

3. വ്യക്തിപരവും സാമൂഹ്യവുമായിട്ടുള്ള സംരംഭങ്ങളിൽ സഹകരിച്ചു പ്രവർത്തിക്കാനുള്ള സന്മനസ്സ്,

4. പൊതുകാര്യങ്ങളിൽ പ്രവർത്തിച്ചുള്ള ശീലം,

5. താൻ ഉൾക്കൊള്ളുന്ന സംഘടനകളിൽ തനിക്കുള്ള ചുമതലകളെക്കുറിച്ചു മതിപ്പ്,

6. രാഷ്ട്രത്തിനു തന്നിൽ കഴിവ്, സേവനം തുടങ്ങിയ വയിലുള്ള അവകാശത്തെക്കുറിച്ചുള്ള ബോധം.

7. സമുദായത്തിലെ ഒരു അംഗം എന്ന നിലയിൽ തനിക്കു ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചു മതിപ്പ്,

8. സ്വാർത്ഥം കെടഞ്ഞു പൊതുക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള സന്നദ്ധത.

ഇവയൊക്കെ കഴിച്ചുകൂടാൻ വയസ്സായവരാണ്. ചുരുക്കത്തിൽ രാഷ്ട്രീയവും സാമൂഹ്യികവും സാമ്പത്തികവുമായ പൊതുസംരംഭങ്ങളിൽ ജ്ഞാനം, ശീലം, സേവനസന്നദ്ധത എന്നിവയുണ്ടെങ്കിലേ ഒരുവനെ 'പൌരൻ' എന്നു വിളിക്കാവൂ. അങ്ങനെ എത്ര പൌരന്മാരെ നിങ്ങൾ കണ്ടിട്ടുണ്ട് ?

3. സേവനബോധത്തിന്റെ പുരോഗതി

ഈ സേവനബോധം പടിപടിയായിട്ടത്രേ ഉയരുന്നത്. ജനിച്ചുവളരുന്ന കുടുംബത്തോടാണ് നമുക്ക് ആദ്യമായി സ്നേഹവും ഭക്തിയും ഉദിക്കുന്നത്. കുടുംബത്തിന്റെ പൊതുശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കാൻ അതിലെ അംഗങ്ങൾക്കെല്ലാം ചുമതലയില്ലേ? എന്താണതിനു കാരണം? കുടുംബാംഗങ്ങൾ തമ്മിലുള്ള രക്തബന്ധം, സംപർക്കം;—സാമീപ്യം—ഇവയാണ് കാരണങ്ങൾ.

കുടുംബം കഴിഞ്ഞാൽ പിന്നീട് നാം ദർശിക്കുന്നത് സമുദായത്തെയാണ്. അവിടെ കുടുംബാംഗങ്ങൾ തമ്മിലുള്ളതുപോലെ ദൃഢമോ സ്പഷ്ടമോ ആയിരിക്കയില്ല രക്തബന്ധം. എങ്കിലും, വളരെ ചുഴിഞ്ഞു നോക്കിയാൽ അതും കണ്ടെത്തിയേക്കാം. മതം, ഭാഷ, ആചാരം ജീവിതരീതി തുടങ്ങി പലതിലും ഐകരൂപ്യത്തോടുകൂടി വർത്തിക്കുന്ന അനേകം കുടുംബങ്ങൾ ചേരുമ്പോഴാണ് ഒരു സമുദായമായി. ഒരു പൊതുസംസ്കാരമാണ് സമുദായത്തെ ഇണക്കുന്ന ജീവനാഡി. ഈ ഐകരൂപ്യം നിമിത്തം സമുദായത്തെ പൊതുവെ ബാധിക്കുന്ന പല പ്രശ്നങ്ങളുമുണ്ടായിരിക്കും. ഒരു ഉദാഹരണം പറയാം. അയിത്തോച്ചാടനാർത്ഥം പരിശ്രമിക്കാനായി ഹരിജനങ്ങളുടെ ഒരു സംഘടനയുണ്ടെന്നു വിചാരിക്കുക. ഏതാനും സന്മനസികളുടെ പ്രേരണകൊണ്ട് പ്രസ്തുത സംഘടനയുടെ നേതാക്കന്മാർ അവരുടെ കൃത്യനിർവ്വഹണത്തിൽ അനാസ്ഥരായിത്തീർന്നാലോ? എന്താണ് അതിന്റെ ഫലം? സമുദായം നേതാക്കന്മാരാൽ വഞ്ചിക്കപ്പെടുന്നു. അതിനു് ഉല്ലംഘിത്തിനുള്ള പഴുത് തനുഖം അടഞ്ഞുപോകുന്നു. ഒരു പ്രേരണാഭക്ഷണമായിട്ടുള്ള പ്രവൃത്തിയല്ലാ ഈ നേതാക്കന്മാർ ചെയ്തത്. ലോകം അവരെ നിന്ദിക്കുകതന്നെ ചെയ്യും.

ഇതുയും പറഞ്ഞതുകൊണ്ട് ഒരു സമുദായം മറെറാരു സമുദായത്തോടു യോജിക്കരുതെന്ന് അഭിപ്രായക്കാരനല്ല. ഇന്ത്യയെപ്പോലെ ഇതുയധികം സമുദായങ്ങളും ജീവിച്ചുപോരുന്ന ഒരു രാജ്യം ഭൂഗോളത്തിലില്ല. ഇവിടെ സമുദായങ്ങളും തമ്മിൽ കലഹിക്കാൻ തുടങ്ങിയാൽ ഇഴിക്കപ്പെടാതിയുണ്ടാവില്ല. വിഭിന്ന സ്വഭാവക്കാരായ വ്യക്തികളും ഒരു കുടുംബത്തിൽ എങ്ങനെയോ ജിച്ചു കഴിയുന്നുവോ അങ്ങനെ രാജ്യത്തിൽ ഇണങ്ങി വർത്തിക്കേണ്ടവയാണ് സമുദായങ്ങളും. ഇവിടെ രാജ്യത്തെ വീടായും സമുദായങ്ങളെ അതിലെ അംഗങ്ങളായും കണക്കാക്കണം. ഐക്യത ആവശ്യമുള്ള. സമുദായത്തിന്റെ പ്രത്യേകതാല്പര്യങ്ങളെ അതിശയിച്ച് രാജ്യത്തിനു പൊതുവെ ക്ഷേമം നൽകുന്നവയായ പല പ്രശ്നങ്ങളുമുണ്ട്. രാഷ്ട്രീയം, സാമ്പത്തികം, സാംസ്കാരികം എന്നിവയൊക്കെ ഇതിൽ ഉൾപ്പെടുത്താൻ വിരോധമില്ല. അവയിലൊക്കെ സമുദായങ്ങളും യോജിച്ചു പ്രവർത്തിച്ചില്ലെങ്കിലോ? രാജ്യം നശിക്കും, അന്യാധീനപ്പെട്ടുപോകും.

ഭൂമിശാസ്ത്രപരമായ അതിരുകളെ വണങ്ങി അനേകകാലം ഒരുമിച്ചു കഴിച്ചുകൂട്ടിയതിന്റെ ഫലമായി ഒരു സംസ്കാരം അവിടെ വേരുറച്ചുകഴിഞ്ഞിട്ടുണ്ടാവും. ഇന്ത്യക്കാരുടെ സംസ്കാരം പേഴ്സ്യക്കാരുടേതിൽനിന്നു ഭിന്നമാണ്. പേഴ്സ്യൻ സംസ്കാരം ഗ്രീക്കുസംസ്കാരത്തിൽനിന്നു വ്യത്യസ്തമാണ്. ഇങ്ങനെ ഒരു പൊതുസംസ്കാരത്തിൽ ഇണങ്ങി പ്രകൃതിയാൽ നിശ്ചയിക്കപ്പെട്ട അതിരുകൾക്കകത്ത് ഒരുങ്ങിയൊതുങ്ങി ജീവിക്കുന്നവർക്ക് പൊതുവെ ബാധകമാകുന്ന പല പ്രശ്നങ്ങളുമുണ്ട്. രാജ്യരക്ഷ ഇത്തരത്തിലുള്ളതാണ്. സമുദായ ഭിന്നതകളൊന്നും കണക്കാക്കാതെ സംഘടിച്ചു പ്രവർത്തിച്ചല്ലാതെ അത്തരം പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുക സാദ്ധ്യമല്ല. ഇത്തരം സന്ദർഭങ്ങളിൽ സ്വന്തം രാജ്യത്തിന്റെ താല്പര്യത്തിനെതിരായി അന്യരാജ്യക്കാർക്ക് ഒറിക്കൊടുക്കുന്നവരെയാണ് 'അഞ്ചാംപത്തികർ' എന്നു പറയുന്നതു്. അഞ്ചാംപത്തികർ രാജ്യദ്രോഹികളാണ്.

ഇങ്ങനെ കുടുംബം, സമുദായം, രാജ്യം എന്നിവയുടെ നന്മയ്ക്കുവേണ്ടി പരിശ്രമിക്കേണ്ടതു നമ്മുടെ ചുമതലയാണ്. എന്നാൽ, ഈ പരിധികളെയൊക്കെ അതിക്രമിച്ച് സാർവ്വത്രികമായിത്തീരേണ്ട ഒരു ചുമതലയുണ്ട്. അതു മനുഷ്യൻ മനുഷ്യനോടു ചെയ്യേണ്ട കടമയാണ്; സഹജീവികളോടുള്ള—അതു മനുഷ്യസ്വഭാവത്തിന്റെ ഒരു ധർമ്മമായിട്ടേ കണക്കാക്കേണ്ടതുള്ളൂ. സാംക്രമികരോഗം, അതിവർഷം, ഭൂകമ്പം തുടങ്ങി ആകസ്മികമായി വന്നുകൂടുന്ന ആപത്തുകളിൽ സ്വരാജ്യക്കാരെന്നോ, സ്വസമുദായക്കാരെന്നോ നോക്കേണ്ടതില്ല. ഏതു സമുദായത്തിലായാലും, ഏതു രാജ്യത്തിലായാലും ഇത്തരം ക്ലേശങ്ങളിൽ നമ്മുടെ സഹായം ആവശ്യമാണ്. അതു മനുഷ്യൻ മനുഷ്യനോടു ചെയ്യേണ്ട ഒരു ധർമ്മം എന്നു മാത്രമേ കരുതേണ്ടതുള്ളൂ. ഇതുപോലെത്തന്നെ ദുർബ്ബലമായ ഒരു രാജ്യത്തെ ബലിഷ്ഠമായ മറ്റൊരു രാജ്യം സാമ്രാജ്യദുർമ്മോഹത്താൽ ആക്രമിച്ച് 'അടിമപ്പെടുത്താ'ൻ ശ്രമിക്കുമ്പോൾ മറ്റുള്ളവർ അതുകണ്ട് മൌനംദീക്ഷിക്കുകയല്ല വേണ്ടതു്. ഇറാലി എത്യോപ്യയെ ആക്രമിച്ചപ്പോഴും ജർമ്മനി പോളണ്ട് പിടിച്ചെടുത്തപ്പോഴും ഇന്ത്യക്കാരായ നാം പ്രതിഷേധിച്ചതു് മനുഷ്യസഹജമായ സഹജീവിസ്നേഹത്തിന്റെ പ്രചോദനം കൊണ്ടാണ്.

---

3. മഹാത്മാഗാന്ധിയും പൊതുജനസേവനവും.

കഴിഞ്ഞ പാഠത്തിൽനിന്ന് ചെരധർമ്മത്തിന്റെ ഏതാണ്ടൊരു സ്വരൂപം നിങ്ങൾക്കു മനസ്സിലായിട്ടുണ്ടാവാം. ഒരു മാതൃകാചെരൻ എന്ന നിലയിൽ ലോകത്തിനു മുഴുവൻ സമാരാധ്യനായ മഹാത്മാഗാന്ധിയുടെ ജീവിതം പരിശോധിച്ചു

നോക്കുക. നാം വിവരിച്ച ധർമ്മങ്ങളെല്ലാം അതിൽ തെല്ലും പിഴക്കുവാതെ തിളങ്ങുന്നതുകാണും.

'ലോകമേതരവാഴ്' എന്നതേ മഹാത്മജി വിശ്വസിച്ചു പോന്നിട്ടുള്ളൂ. മർത്തലക്ഷങ്ങളുടെ സുഹൃത്തായിട്ടേ അദ്ദേഹം ജീവിച്ചിട്ടുള്ളൂ. അസമത്വം അദ്ദേഹത്തിനു പൊറുക്കാൻ സാദ്ധ്യമല്ല. അനീതിയും അക്രമവും എവിടെ കണ്ടാലും അദ്ദേഹം എതിർക്കുകതന്നെ ചെയ്യും. അടിമത്വമനുഭവിക്കുന്നവർ ഏതുരാജ്യത്തായാലും അദ്ദേഹത്തിന്റെ ആത്മാർത്ഥമായ സേവനം അനുസ്യൂതം അങ്ങോട്ടൊഴുകിക്കൊള്ളും. ക്ഷിണാഫ്രിക്കയിലെ അദ്ദേഹത്തിന്റെ ജീവിതംതന്നെ ഈ പരമാർത്ഥത്തിനു സാക്ഷ്യം വഹിക്കുന്നു.

ഇന്ത്യയിൽ ഏറ്റവുമധികം മർദ്ദനമനുഭവിക്കുന്നവർ ഹരിജനങ്ങളായതുകൊണ്ടാണ് മഹാത്മജി ഹരിജനോദ്ധാരണത്തിനുവേണ്ടി നിരന്തരം ക്ലേശിച്ചുകൊണ്ടിരിക്കുന്നത്. സാമ്പത്തികക്ലേശം ഗ്രാമങ്ങളിലാണെന്നു കണ്ടറിഞ്ഞിട്ടുള്ളതുകൊണ്ടത്രേ അദ്ദേഹം ഗ്രാമോദ്ധാരണസംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. ഗ്രാമീണരുടെ സാമ്പത്തികസ്ഥിതി നന്നാക്കുക; അവർക്കു ജീവിക്കാൻവേണ്ട ചുറ്റുപാടുണ്ടാക്കിക്കൊടുക്കുക; അവരുടെ ഉൽക്കർഷത്തിനാവശ്യമായ സംസ്കാരം സമ്പാദിച്ചുകൊടുക്കുക; അവരുടെ സാമുദായികക്ലേശങ്ങളകറ്റി പരിഹാരം കണ്ടെത്തുക. ഇതൊക്കെയാണ് മഹാത്മജിയുടെ ഗ്രാമോദ്ധാരണ സംരംഭത്തിന്റെ ഉള്ളടക്കം.

എന്നാൽ അസമത്വങ്ങളോടും അനീതികളോടും അദ്ദേഹം മല്ലടിക്കുന്നത് ആയുധം കൊണ്ടല്ലാ അഹിംസാവ്രതം കൊണ്ടാണ്. ഹിംസാപരമായ മാർഗ്ഗങ്ങൾ സഹജീവികളെ വിഷമിപ്പിക്കുമെന്ന് അദ്ദേഹത്തിനറിയാം. സ്വാർത്ഥത്തിനുവേണ്ടി എന്തും ചെയ്യാമെന്നല്ലാ അദ്ദേഹത്തിന്റെ സിദ്ധാന്തം. പ്രതിയോഗികളെപ്പോലും വിഷമിപ്പിക്കാതെയാണ് മഹാത്മജി സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരം നയിക്കുന്നത്.

രണ്ടാം അദ്ധ്യായം.

പൌരാവകാശങ്ങളും ചുമതലകളും.

പരിഷ്കാരത്തിന്റെ പ്രഭാതകിരണങ്ങൾകൊണ്ട പൊൻപൂശിയ രാജ്യങ്ങളിലൊന്നാണ് പഴയ ഗ്രീസ്. അവിടത്തെ 'അത്തീനിയ' എന്ന ചരിത്രപ്രധാനമായ 'നഗരരാജ്യ'ത്തിലെ പൌരന്മാർ ചെയ്യാറുള്ള വീരശപഥം നോക്കുക. "ഞാൻ എന്റെ ആയുധങ്ങൾക്ക് അവമാനം വരുത്തിക്കൂട്ടുകയോ എന്റെ കൂട്ടാളിയെ നിസ്സഹായനാക്കുകയോ ചെയ്യില്ല. മറ്റുള്ളവരുടെ സഹായത്തോടുകൂടി എന്നു മാത്രമല്ല, ഒറ്റപ്പെട്ടാൽപോലും പുണ്യസ്ഥലങ്ങളേയും വിശുദ്ധവസ്തുക്കളേയും ഞാൻ സംരക്ഷിക്കും. ഞാൻ കണ്ടതിലും മോശമായിട്ടല്ലാ മഹത്തരമായ നിലയിലേ എന്റെ മാതൃഭൂമിയെ ഞാൻ കൈവെടിയുകയുള്ളൂ. എന്നേക്കാളും ഉയർന്നവരെ ഞാൻ ബുദ്ധിപൂർവ്വം അനുസരിക്കും. രാജ്യത്തു നടപ്പുള്ളവയും ജനങ്ങളാൽ യോജിച്ചു നടപ്പാക്കുന്നവയുമായ നിയമശാസനകളെ എത്രതന്നെയായാലും ഞാൻ അനുസരിക്കും. നിയമങ്ങളെ നിരാകരിക്കപ്പെടുകയോ ധിക്കരിക്കപ്പെടുകയോ ചെയ്യുന്നതു ഞാൻ ക്ഷമിക്കുകയില്ല. മറ്റുള്ളവരോടു യോജിച്ചോ, അഥവാ ഒറ്റയ്ക്കുനിന്നിട്ടു തന്നെയോ ഞാൻ അവയെ സംരക്ഷിച്ചേ അടങ്ങൂ. പിതൃക്കളുടെ സ്മരണയെ ഞാൻ ആദരിക്കും. ദൈവം സാക്ഷി—"

ഈ വീരശപഥത്തിൽ അടങ്ങീട്ടുള്ള സദ്രാജ്യസ്നേഹം എത്ര മഹത്തരമായിരിക്കുന്നു എന്നു നോക്കുക. ഭാരതത്തിൽ, എന്നല്ലാ കേരളത്തിലും നമ്മുടെ പൂർവ്വികന്മാർ ഇത്തരം ശപഥങ്ങളുടെ അന്തസ്സാരത്തെ ആദരിച്ചിരുന്നു. പക്ഷേ, ആദരിക്കാത്ത സന്ദർഭങ്ങളും ഇല്ലായ്കയില്ല.

സന്നദ്ധസേവകസംഘത്തിൻ ചേർന്നിട്ടുള്ളവർ 'ഇൻവെസ്റ്റിച്ചർ' എന്ന മഹോത്സവ വേളയിൽ ദൈവത്തോടും രാജാവിനോടും രാജ്യത്തോടും തനിക്കുള്ള ചുമതലയനുഷ്ഠിക്കാനും, പ്രസ്തുത സംഘത്തിന്റെ ആദർശങ്ങളും ഉപക്രമങ്ങളുമായ കടമകൾ അനുസരിക്കുവാനും മറ്റുള്ളവരെ സദാ സഹായിക്കുവാനും ശപഥം ചെയ്യാറുണ്ട്. പൌരന്മാരെ സംബന്ധിക്കുന്ന ചുമതലയത്രേ ഈ ശപഥത്തിലും അടങ്ങിയിട്ടുള്ളത്.

1. പ്രവർത്തനസ്വാതന്ത്ര്യവും തൊഴിൽ മഹിമയും.

മനുഷ്യൻ കുടുംബത്തോടും സമുദായത്തോടും എത്രകണ്ട് കടപ്പെട്ടിരിക്കുന്നുവെന്ന് ഇതിനു മുമ്പ് സാമാന്യമായി പ്രസ്താവിച്ചുവല്ലോ. ഒരു സമുദായ ജീവിയാണെന്ന ബോധത്തെ വിസ്മരിച്ച് സ്വാർത്ഥം മാത്രം മുൻനിർത്തി ജീവിക്കുന്ന മനുഷ്യനെ സമുദായം നിന്ദിക്കും. അയാളെക്കൊണ്ട് സമുദായത്തിനു യാതൊരു പ്രയോജനം നേടാനില്ല. സമുദായം ഒരു യന്ത്രമാണെങ്കിൽ അതിന്റെ ഘടകങ്ങളായ അനേകം ചെറുചക്രങ്ങളുടെ സ്ഥാനത്തായിരിക്കണം ഓരോ മനുഷ്യനും വർത്തിക്കേണ്ടത്. ഏതെങ്കിലും ഒരു ചക്രത്തിനു കേടുപറ്റിയാൽ അതു യന്ത്രത്തെ മുഴുവൻ ബാധിക്കില്ലേ? അതുപോലെ നിങ്ങളുടെ അഭാവത്തിൽ സമുദായത്തിന്റെ പുരോഗതിക്കു വിഘ്നം നേരിടുമെന്ന ചുറുചുറുക്കുണ്ടാക്കിത്തീർക്കണം. അങ്ങനെയാണ് ജീവിക്കാൻ ശ്രമിക്കേണ്ടത്.

മറ്റുള്ളവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ പങ്കെടുക്കാത്ത ചിലരുണ്ട്. അതു നല്ലൊരു മാതൃകയാണെന്നു പറയുന്നവരുമുണ്ട്. എന്നാൽ, സമുദായത്തെ സാമന്യമായി ബാധിക്കുന്ന കാര്യങ്ങളിലും, തനിക്കു നേരിട്ടൊരു നേട്ടവും ഉണ്ടാകാനില്ലെന്ന ന്യായവും പറഞ്ഞ് മാറിനിന്നാലോ? അത്തരക്കാരെ

സമുദായ യന്ത്രത്തിന്മേൽ വന്നുകൂടുന്ന തുരുമ്പു കട്ട പോലെയാണ് ആളുകൾ കണക്കാക്കുക. നാം ഒരിക്കലും അങ്ങനെ ജീവിക്കരുതു്. സമുദായത്തിൽ നമ്മുടെ വ്യക്തിത്വം പ്രസ്പഷ്ടമാക്കി പ്രകാശിപ്പിക്കുന്നതിനായിരിക്കണം നമ്മുടെ പ്രയത്നം. എണ്ണപ്പെട്ട ഒരു വ്യക്തിയുടെ നിലയിൽ സമുദായോല്ലൂഷത്തിനു നമ്മെക്കൊണ്ടു പ്രയോജനമുണ്ടാവണം. അങ്ങനെയാണ് സമുദായത്തിൽ വ്യക്തിമാഹത്മ്യം സമ്പാദിക്കേണ്ടതു്.

എങ്ങനെയാണ് എല്ലാവരും ഇങ്ങനെ എണ്ണപ്പെട്ട പടവിയിലേക്കുയരുക? എല്ലാവരും നേതാക്കന്മാരാകണ്ടേ? അതാവശ്യമില്ല. മാത്രമല്ല, രാഷ്ട്രീയകാര്യങ്ങളിൽ ഉന്നതമായ സ്ഥാനം കിട്ടിയാൽ മാത്രമേ നേതാവായിക്കൂട്ടു എന്നു തെറ്റിദ്ധരിക്കയുമരുതു്. ഭരണസമിതിയിൽ പങ്കെടുത്താലേ സമുദായസേവനമാവുള്ളൂ എന്നും നിങ്ങൾ തെറ്റിദ്ധരിക്കരുതു്. മാരോ പൊരുതും രാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള അവസരങ്ങളുണ്ടു്. ചിലർ ഭരണസമിതിയിൽ പങ്കെടുക്കുന്നു, ചിലർ നഗരശുചികരണത്തിൽ ഏർപ്പെടുന്നു. എല്ലാവരുടേയും പ്രവൃത്തി പൊതുക്ഷേമത്തിനു് അത്യാവശ്യമാണു്. അതാണു് എല്ലാവർക്കും പ്രവർത്തിക്കുവാൻ അവസരമുണ്ടെന്നു പറഞ്ഞതു്.

മേൽ പറഞ്ഞതിൽനിന്നും മറെറാരു പരമാർത്ഥം വെളിപ്പെടുന്നുണ്ടു്. ഒരു നഗരപിതാവിന്റെ തൊഴിൽ മാന്യമെല്ലെന്നും കൂലിക്കാരന്റെ തൊഴിൽ മാന്യമല്ലെന്നും വിചാരിക്കുന്നതു തെറ്റാണു്. എല്ലാ തൊഴിലും ഒരുപോലെ മാന്യമായിട്ടുള്ളതാണു്. നഗരപിതാവിനു സമുദായോല്ലൂഷത്തിനുവേണ്ട കല്പന പുറപ്പെടുവിക്കാൻ അധികാരമുണ്ടെങ്കിൽ കൂലിക്കാരൻ അവന്റെ വിയർപ്പു വറ്റുന്നതുവരെ പണിയെടുക്കുന്നതും സമുദായത്തിന്റെ നന്മയ്ക്കു വേണ്ടിയാണു്. ഓരോരുത്തന്റേയും പ്രവൃത്തി പൊതുക്ഷേമത്തിന്റെ ഓരോ അംശം മാത്രമേ ആകുന്നുള്ളൂ. എല്ലാ തൊഴിലും ഒരുപോലെ അഭിമാനകരമായിട്ടുള്ളതാണു്. തൊ

ഴിലെടുക്കാതെ ജീവിക്കുന്നതേ അവമാനമായി നിങ്ങളും കരുതേണ്ടതുള്ളൂ. പരിഷ്കാരം നല്ലവണ്ണം പുരോഗമിച്ചുകഴിഞ്ഞിട്ടുള്ള രാജ്യങ്ങളിലെല്ലാം ഈ ബോധം ഇപ്പോൾ വേരുറച്ചു കഴിഞ്ഞിട്ടുണ്ട്.

2. വിദ്യാഭ്യാസം.

സമുദായോല്ലക്ഷ്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ഓരോ പൌരനും അവകാശമുണ്ടെന്നും എല്ലാ തൊഴിലും ഒരുപോലെ അഭിമാനകരമാണെന്നും കഴിഞ്ഞ പാഠത്തിൽ വിവരിച്ചുവല്ലോ. ഇനി, എങ്ങനെയാണ് ഓരോരുത്തനും പ്രവർത്തിക്കുവാൻ അവസരമുണ്ടാക്കേണ്ടതെന്നു നോക്കാം. സമുദായത്തിൽ വ്യക്തിമാഹാത്മ്യം പ്രകാശിപ്പിക്കുകയാണ പൌരധർമ്മമെന്നു നാം ആദ്യം പഠിച്ചു. ഇതിനു് അത്യാവശ്യമായിട്ടുള്ളതു വിദ്യാഭ്യാസമാണ്. ഒരുവനിൽ അന്തർല്ലയിച്ചുകിടക്കുന്ന വ്യക്തിത്വത്തെ, അഥവാ വ്യക്തിമാഹാത്മ്യത്തെ തട്ടിയുണർത്തി വികസിപ്പിക്കുകയാണു വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തിത്വം ഒരു തിപ്പൊരിയാണെന്നു കരുതുക. വിദ്യാഭ്യാസം ആ പൊരി ആളിക്കത്തുന്നതിനായിനിർക്കണം പ്രവർത്തിക്കേണ്ടതു്. അഭ്യസനം പുത്തിയാകുന്നതോടുകൂടി പൊരി മാത്രം പ്രകാശത്തോടുകൂടി കത്തിജ്വലിക്കണം. കായികവും മാനസികവുമായ പല കഴിവുകളും നിങ്ങൾക്കുണ്ട്. അതു നല്ലവണ്ണം പരിശോധിച്ചു കണ്ടറിഞ്ഞു് യഥോചിതം പ്രോത്സാഹിപ്പിക്കണം, പോഷിപ്പിക്കണം. അതാണ് വിദ്യാഭ്യാസപ്രവർത്തകന്മാർ ചെയ്യേണ്ടതു്.

എങ്ങനെയാണ് ഈ വ്യക്തിമാഹാത്മ്യത്തെ തട്ടിയുണർത്തി വികസിപ്പിക്കുക? നാം ഇപ്പോഴറിയുന്നതുപോലെ കലാപരമായ വിദ്യാഭ്യാസംകൊണ്ടു മാത്രം അതു സാധ്യമല്ല. ബ്രിട്ടീഷുകാർക്ക് ഒരു കാലത്തു് ഏതാനും പകപ്പുദ്യോഗസ്ഥന്മാരെ ഇ

പിടെ ആവശ്യമുണ്ടായിരുന്നു. അതിൽനിന്നും ആരംഭിച്ചതാണ നമ്മുടെ സാർവ്വകലാശാലാ വിദ്യാഭ്യാസവും മറ്റും. എന്നാൽ, അതിനു സ്ഥാനമില്ലെന്നല്ലാ അതിന്റെ. എല്ലാവരേയും ഒരേ അച്ചിൽ തന്നെ അടിച്ചു വാർക്കുന്നതുകൊണ്ടു പ്രയോജനമില്ലെന്നു സാരം. ഇന്ത്, ബ്രിട്ടീഷുകാർ ഇന്ത്യ കൈവിടാൻ പോകുന്ന സന്ദർഭമാണ് ആഗസ്റ്റ് 15–ാംനു- നാം സ്വതന്ത്രരാവും. അതോടുകൂടി നമ്മുടെ കാര്യങ്ങളം എല്ലാംതന്നെ നാം നോക്കിയേ മതിയാകൂ. അതാലോചിച്ചു വേണം നമ്മുടെ വിദ്യാഭ്യാസപദ്ധതി രൂപീകരിക്കുവൻ.

ഇതുയും പറഞ്ഞതുകൊണ്ടു നാം എങ്ങനെയുള്ള വിദ്യാഭ്യാസപദ്ധതിയാണ് സ്വീകരിക്കേണ്ടതെന്നു തെളിഞ്ഞു. ഒരൊറ്റ കാര്യം മാത്രം നിങ്ങൾക്കതിൽ ഓർക്കേണ്ടതുള്ളൂ. നിങ്ങളുടെ രാജ്യത്തിൽ എന്തൊരുക്ക ആവശ്യങ്ങളാണ് നിറവേറ്റാനുള്ളതെന്നു മാത്രം ഓർക്കണം. അതിനുവേണ്ട ഒരുക്കമാണ് ചെയ്യാനുള്ളതു്. നാളത്തെ പൌരന്മാരായ നിങ്ങൾ വരാനിരിക്കുന്ന ആ നാടകത്തിൽ അഭിനയിക്കുൻ പോകുന്ന മാർഗം ഏതാണെന്നു നിശ്ചയിച്ചു് അതിനുപറ്റിയ വേഷമാണ് അണിഞ്ഞു തുടങ്ങണം. അതേ ആവശ്യമുള്ളൂ

എഴുത്തും വായനയും എല്ലാവർക്കും ആവശ്യമാണ് കൂട്ടാനും, കിഴിക്കാനും മറ്റും അറിയാതെ ഒരാൾക്കു് ഇന്നത്തെലോകത്തിൽ ജീവിക്കാൻ പ്രയാസമാണ്. അത്തരത്തിലുള്ള ഒരു പ്രാഥമികജ്ഞാനം എല്ലാവർക്കും കൂടിയേ കഴിയൂ.

ഒരു കാര്യവുംകൂടി ഇവിടെ ആലോചിക്കേണ്ടതുണ്ട്. പ്രായത്തിന്റെ കാര്യത്തിലാണ് നമുക്കൊക്ക ഇന്ന് അഭിരുചി. പ്രായപൂർത്തിവോട്ടവകാശത്തിനാണ് നാം ഇന്നു പരിശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഒരു തിരഞ്ഞെടുപ്പു വേളയിൽ നമ്മുടെ വോട്ടവകാശത്തെ വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ വേണ്ട വിവേചനശക്തി നമുക്കുണ്ടായിരിക്കണം. നമ്മുടെ ആ വിലയേ

റിയ അവകാശത്തെ ഉത്തരവാദിത്വബോധത്തോടുകൂടി ഉപയോഗപ്പെടുത്തുവാൻ വേണ്ട പ്രാപ്തി നമുക്കുണ്ടാവണം. ആ ലക്ഷ്യത്തോടുകൂടിയുള്ള ഒരു പ്രാഥമിക വിദ്യാഭ്യാസം എല്ലാവർക്കും ആവശ്യമാണ്. മാത്രമല്ലാ, ഏതൊരു തൊഴിലിനും പ്രാപ്തരാകുന്നതിനായിട്ടാവശ്യമുള്ള മൌലികജ്ഞാനം സമ്പാദിക്കുവാൻ പറ്റിയ തുംകൂടിയായിരിക്കണം നമ്മുടെ പ്രാഥമിക വിദ്യാഭ്യാസം.

---

3. സാങ്കേതികപരിശീലനം

പ്രാഥമിക വിദ്യാഭ്യാസം കൊണ്ടുമാത്രം മതിയാകയില്ല. ഒരു പൌരന്റെ നിലയിൽ പൊതുക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാൻ ആവശ്യമായ വിദ്യാഭ്യാസം ഇനിയും കിട്ടുകയുള്ളൂ. കൂടാതെ ഉപരിവിദ്യാഭ്യാസം എല്ലാവർക്കും ആവശ്യമില്ലെങ്കിലും ഭരണയന്ത്രം നടത്തുന്നവർക്ക് അതാവശ്യമാണ്. അതില്ലെങ്കിൽ അവരുടെ അഭിപ്രായങ്ങളും പ്രവൃത്തികളുമെല്ലാം അപഹാസ്യമായിട്ടേ പരിണമിക്കുള്ളൂ. എന്നാൽ ഭരണസമിതിയിൽ പങ്കെടുക്കുകമാത്രമല്ലല്ലോ പൌരധർമ്മം. കൃഷികവൃത്തിയിലും കച്ചവടത്തിലും വ്യവസായങ്ങളിലുമൊക്കെ പ്രവർത്തിക്കുവാൻ നമുക്ക് ആളുകളെ ആവശ്യമുണ്ട്. രാജ്യം ഒരു നാടകശാലയാണ്. പലതരത്തിലുള്ള നടന്മാരും അവിടെ ഉണ്ടെങ്കിലേ നാടകം ഭംഗിയായി നടക്കുള്ളൂ. ഓരോ പൌരനും ഓരോ നടനാണ്. എല്ലാവരുടേയും പങ്ക് ഒരു പോലെയല്ലെങ്കിലും എല്ലാം ഒന്നിച്ചുകൂടിയല്ലാതെ നാടകം പൂർത്തിയാകയില്ല. മാത്രമല്ലാ, എത്ര നിസ്സാരനായ നടനായാലും അയാളുടെ ഭാഗം ഭംഗിയായിട്ടഭിനയിച്ചാലേ നാടകത്തിന്റെ അന്തസ്സു പൂർത്തിയാകയുള്ളൂ. അതുകൊണ്ട് രാജ്യത്തിന്റെ നാനാമുഖങ്ങളായ ആവശ്യങ്ങൾക്കും വേണ്ടി പരിശ്രമിക്കുവാൻ നമുക്ക് ആളുകളെ ആവശ്യമുണ്ട്.

ശുചീകരണം, രോഗചികിത്സ, പൊതുമരാമത്തു് തുടങ്ങി എത്രയെത്ര കാര്യങ്ങളുണ്ടെന്നോ നമുക്കു നിർവ്വഹിക്കുവാൻ! ഇവയ്ക്കെല്ലാം വേണ്ട സാങ്കേതിക പരിജ്ഞാനം സിദ്ധിച്ച പൌരന്മാരെ നമുക്കാവശ്യമുണ്ടു്. അതുകൊണ്ടു് രാജ്യത്തിന്റെ ആവശ്യം നോക്കീട്ടാണു് വിദ്യാഭ്യാസപദ്ധതി രൂപീകരിക്കേണ്ടതു്. നാളത്തെ ആവശ്യം എന്തൊക്കെയാണെന്നു കണക്കുനോക്കി അതിനു വേണ്ടത്ര ആളുകളെ വാർത്തെടുക്കണം. അതുപോലെ ആളുകളെ പരിശീലിപ്പിക്കുന്നതിനു വേണ്ട സാങ്കേതിക പരിശീലനകേന്ദ്രങ്ങളും ഉണ്ടാക്കണം. ആവശ്യം കണ്ടറിഞ്ഞു വിദ്യാഭ്യാസപദ്ധതി രൂപീകരിക്കുകയാണെങ്കിൽ തൊഴിലില്ലായ്മ പ്രശ്നം നമ്മെ ബാധിക്കാതെ കഴിക്കുവാനും പ്രയാസമില്ല. പൊതുകാര്യങ്ങളിൽ പങ്കെടുക്കുന്നവർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ബുദ്ധിപൂർവ്വം ആലോചിച്ചു അത്യാവശ്യനടപടികളും അംഗീകരിക്കേണ്ടതുമാണു്.

4. വൈദേശികാധിപത്യം.

'സ്വാതന്ത്ര്യം' എന്ന പദത്തെ ദുർവ്യാഖ്യാനം ചെയ്യാൻ ഒരു പ്രയാസവുമില്ല. എന്തും ചെയ്യാനുള്ള അധികാരത്തെ ചിലർ സ്വാതന്ത്ര്യമായി കരുതാറുണ്ടു്. പക്ഷെ അതിനു പേർ 'ദുസ്വാതന്ത്ര്യം' എന്നാണു്. പരിഷ്കൃതരാജ്യങ്ങളിലൊന്നും അത്തരം അധികാരം ആർക്കും അനുവദിച്ചിട്ടില്ല. അനുവദിക്കുകയുമില്ല. 'കൈമടക്കു വൻ കായ്ക്കാരൻ' എന്ന മട്ടിൽ മനുഷ്യർ ജീവിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അതു കഴിഞ്ഞുപോയി. മനുഷ്യൻ സമുദായത്തിന്റെ ഘടകമായി ജീവിക്കാൻ തുടങ്ങിയ നാൾ മുതൽ ദുസ്വാതന്ത്ര്യത്തിനു് അംഗീകരണമോ അനുമതിയോ ലഭിക്കാതായിക്കഴിഞ്ഞു.

രാജ്യം അതിന്റെ ഘടകമായ വ്യക്തിക്ക് അന്യർക്ക് ഉപദ്രവം കൂടാത്തവിധത്തിൽ അനുഭവിക്കുവാൻ അനുവദിച്ചിട്ടുള്ള അധികാരമത്രയാണ് യഥാർത്ഥത്തിൽ സ്വാതന്ത്ര്യം എന്നു പറയുന്നത്. മറ്റുള്ളവരെ പുഷ്ടം ചെയ്യാനൊന്നും അത് അനുവാദമോ അംഗീകരണമോ നല്കുന്നില്ല. തന്നപ്പോലെത്തന്നെ മറ്റുള്ളവർക്കും സ്വാതന്ത്ര്യമുണ്ടെന്നുള്ള ബോധത്തോടുകൂടിയേ ആരും പ്രവർത്തിക്കാവൂ എന്നു സാരം. പുരുക്കത്തിൽ, അച്ചടക്കത്തിനു വിധേയമായ സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യം. നിരുപാധികമായ സ്വാതന്ത്ര്യം നിഷേധ്യമാണ്.

സ്വാതന്ത്ര്യത്തെ നാലുതരത്തിലായി തിരിക്കാം. 1. പ്രകൃതിദത്തസ്വാതന്ത്ര്യം 2. പൌരസ്വാതന്ത്ര്യം 3. രാഷ്ട്രീയ സ്വാതന്ത്ര്യം 4. ദേശീയസ്വാതന്ത്ര്യം. ഇവയെല്ലാം വിസ്തരിക്കുവാൻ ഇപ്പോൾ നിവൃത്തിയില്ല. കൃത്രിമങ്ങളായ പാരമ്പര്യങ്ങളിൽനിന്നുള്ള മോചനത്തേയോ അസ്ഥിരമായ ശരീരത്തിൽനിന്നും സുസ്ഥിരമായ ആത്മാവിന്റെ മോചനത്തേയോ ഒക്കെയും പ്രകൃതിദത്തസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുത്താം. ഈ സ്വാതന്ത്ര്യം ആരുടെയും നിയന്ത്രണത്തിനു വിധേയമല്ല. പക്ഷേ, ഇത്തരം സ്വാതന്ത്ര്യത്തിനുള്ള ആസക്തിയൊക്കെ ഇന്ന് തീരെ നശിച്ചിരിക്കുന്നു. പൌരസ്വാതന്ത്ര്യത്തെപ്പറ്റി കുറച്ചധികം പറയാനുണ്ട്.

രാഷ്ട്രീയസ്വാതന്ത്ര്യം:

പ്രജകളും പ്രജകൾക്കുവേണ്ടി ഭരണം നടത്തുന്ന രാജ്യങ്ങളും മാത്രമേ ഈ സ്വാതന്ത്ര്യം ആസ്വദിക്കുന്നുള്ളൂ. പ്രായപൂർത്തിവന്ന ഏതാനും പൌരന്മാർ രാജ്യഭരണത്തിൽ പങ്കെടുക്കാനുള്ള സ്വാതന്ത്ര്യമാണ് ഇതിന്റെ പരമാവധി ലക്ഷ്യം. ഈ സ്വാതന്ത്ര്യം ഇന്ന് പൌരസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നതായിത്തന്നെ കണക്കാക്കാം; എന്തുകൊണ്ടെന്നാൽ പ്രജാധിപത്യഭരണഘടനയിൽ മാത്രമേ ഇന്നു ലോകത്തിൽ ഏതു രാജ്യത്തിനും അഭിരുചി കാണാനുള്ളൂ.

ദേശീയസ്വാതന്ത്ര്യം

ഇതു് ഇന്നു് ഒരു സാർവ്വലൌകികസിദ്ധാന്തമായി കഴിഞ്ഞിരിക്കുന്നു. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം അതു് അടിക്കടി പുരോഗമിച്ചുകൊണ്ടേ വരുന്നുള്ളൂ. രാഷ്ട്രീയസ്വാതന്ത്ര്യവും ദേശീയസ്വാതന്ത്ര്യവും തമ്മിൽ വ്യത്യാസമുണ്ടു്. ദേശീയസ്വാതന്ത്ര്യം സിദ്ധിച്ചിട്ടുള്ള ഒരു രാജ്യത്തു് രാഷ്ട്രീയസ്വാതന്ത്ര്യം ഉണ്ടായിക്കൊള്ളുണമെന്നില്ല. മറൊരുരാജ്യത്തിന്റൊ കീഴിലല്ലാതെ വർത്തിക്കുന്ന രാജ്യങ്ങളും ദേശീയസ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളവയാണു് അവിടെ പ്രജകൾക്കു് രാഷ്ട്രീയസ്വാതന്ത്ര്യം ഉണ്ടായിക്കൊള്ളണമെന്നില്ല; ഉണ്ടാകാതിരിക്കുവാനും മതി. അഫ്ഘാനിസ്ഥാനം ഇത്തരത്തിൽ ദേശീയസ്വാതന്ത്ര്യം ആസ്വദിക്കുന്ന രാജ്യമാണു്. നേപ്പാൾ സ്വതന്ത്രയാകുന്നതോടുകൂടി തിരുവിതാംകൂർ മഹാരാജാവു് ആഗ്രഹിച്ചിരുന്ന പദവിയും ഇതുതന്നെയാണു്. (പക്ഷെ, ഇപ്പോൾ തിരുവിതാംകൂർ ഇന്ത്യൻയൂണിയനിൽ ചേരാൻ സന്നദ്ധമായിക്കഴിഞ്ഞിരിക്കുന്നു) ഇനി നമുക്കു് പൌരസ്വാതന്ത്ര്യത്തെപ്പറ്റി പറയാം.

പൌരസ്വാതന്ത്ര്യം:

നിയമവും നീതിയും പുലർത്തി ഭരണം നടത്തുന്ന രാജ്യങ്ങളിലൊക്കെ പൌരസ്വാതന്ത്ര്യമുണ്ടു്. വ്യവസ്ഥാപിതങ്ങളായ നിയമങ്ങളുടെ തണലിൽ എല്ലാവർക്കും നീതിലഭിക്കുന്നുണ്ടെങ്കിൽ അവിടെ പൌരസ്വാതന്ത്ര്യമുണ്ടു് അവിടത്തെ ഭരണം ഏകാധിപത്യമോ, ജനാധിപത്യമോ ആയ്ക്കൊള്ളട്ടെ, നിയമത്തിന്റെ ദൃഷ്ടിയിൽ സമത്വം പരിപാലിക്കണമെന്നേയുള്ളൂ.

മേൽ പറഞ്ഞവിധം പൌരസ്വാതന്ത്ര്യമില്ലാത്ത രാജ്യങ്ങൾ ഇന്നു് എവിടെയെങ്കിലും ഉണ്ടോ എന്നതുതന്നെ സംശയമാണു്. പക്ഷെ, ഇതുമാത്രം കൊണ്ടുമാത്രം പൌരസ്വാതന്ത്ര്യം പൂർത്തിയായി എന്നു പറയാൻ തരമില്ല. പ്രസംഗിക്കാനും, ചിന്തിക്കാനും, പ്രവർത്തിക്കാനുമുള്ള ന്യായമായ അവകാശം അനുവദിച്ചുകൊടു

ക്കേണ്ടതുണ്ട്. സ്വകായ്യസ്വത്തു് കൈവശം വയ്ക്കാനും ഈ നിലയ്ക്കു് അധികാരമുണ്ടായിരിക്കേണ്ടതല്ലേ? — പക്ഷെ, അതില്ലാത്ത രാജ്യമല്ലേ റഷ്യ? — ഇങ്ങനെ ആലോചിച്ചുതുടങ്ങിയാൽ പല വിഷമം പിടിച്ച പ്രശ്നങ്ങളും ഉദിച്ചു വന്നേക്കാം. താഴെ പറയുന്ന പൌരാവകാശങ്ങളും പരിഷ്കൃതരാജ്യങ്ങളിലെല്ലാം ഇന്നു് മിക്കവാറും അനുവദിക്കപ്പെട്ടവരുന്നുണ്ടു്.

1. ജീവിക്കാനുള്ള അവകാശം.
2. കരാറുകളിൽ ഏർപ്പെടാനുള്ള അവകാശം.
3. സ്വത്തുക്കളും കൈവശം വയ്ക്കാനുള്ള അവകാശം.
4. പൊതുയോഗങ്ങളും കൂടാനും, പ്രസംഗിക്കാനുമുള്ള അവകാശം.
5. ആരാധനാവകാശം.
6. സംഘടിക്കാനുള്ള അവകാശം.
7. കുടുംബജീവിതത്തിനുള്ള അവകാശം.

മേൽ പറഞ്ഞ എല്ലാ അവകാശങ്ങളും സിദ്ധിക്കുന്നുണ്ടെങ്കിലേ പൌരാവകാശം പരിപൂർണ്ണമായി എന്നു പറയാൻ പാടുള്ളൂ. എന്നാൽ പല രാജ്യങ്ങളിലും ഒന്നില്ലെങ്കിൽ മറ്റൊന്നു നിഷേധിക്കപ്പെടുന്നതായി പല അവസരത്തിലും അനുഭവപ്പെടുന്നുണ്ടു്. ജീവിക്കാനുള്ള അവകാശം എല്ലാരാജ്യത്തും ലഭിക്കുന്നുണ്ടു്. കൊലക്കുറ്റത്തിനു ശിക്ഷയില്ലാത്ത ഒരു രാജ്യവും ഇന്നു ലോകത്തിലില്ല. സ്വത്തുക്കളും കൈവശം വയ്ക്കാനുള്ള സ്വാതന്ത്ര്യവും ഏറക്കുറെ എവിടേയും അനുവദിക്കുന്നുണ്ടു്. കരാർ, പ്രസംഗം, പൊതുയോഗം തുടങ്ങിയവയ്ക്കുള്ള സ്വാതന്ത്ര്യം പലപ്പോഴും നിയന്ത്രിക്കപ്പെടാറുണ്ടു്. അത്തരം നിയന്ത്രണങ്ങളെ അധികാരികളും സാധൂകരിക്കാൻ ശ്രമിക്കുകയും പതിവാണു്. ആരാധനയ്ക്കുള്ള അവകാശത്തെ ഗവർമ്മേണ്ടുകളും തടഞ്ഞിരുന്നകാലം ഉണ്ടായിരുന്നു. ഇന്നു് അമേരിക്കയിൽ ഒരു രാജ്യവും മക്കട്ടുമുഷ്ടി പിടിച്ചുകാണുന്നില്ല. സംഘടനാസ്വാതന്ത്ര്യവും അനുവദിക്കുന്നുണ്ടെങ്കിലും പലപ്പോഴും നിയന്ത്രണത്തിനു വിധേയ

മായിത്തീരാവുന്നു. കുടുംബാവകാശങ്ങളെ കുതിരകയറുന്ന രാജ്യങ്ങളും ഇന്നു് എവിടേയും ഉണ്ടെന്നു തോന്നുന്നില്ല. വിവാഹം ഗൃഹസ്ഥാശ്രമജീവിതം, പിന്തുടർച്ചാവകാശം തുടങ്ങിയവയെ സംരക്ഷിക്കാനുള്ള വ്യവസ്ഥകളും എവിടേയും ഉള്ളതാണു്. പക്ഷെ, കുടുംബാംഗങ്ങളും തമ്മിലുള്ള വിവാഹത്തെ ഒരു രാജ്യത്തിലെ നിയമം അനുവദിക്കുന്നില്ലെങ്കിൽ അതു് അന്യായമാണെന്നു് പറയാൻ വയ്യ. ഇതു സ്വാതന്ത്ര്യത്തിന്നല്ലല്ലോ പൊരുവകാശങ്ങളും നൽകുന്നതു്.

4. സാമ്പത്തിക സാമുദായിക രക്ഷ.

പൊരുവകാശങ്ങളുടെ ലിസ്തുതമായൊരു പട്ടിക കഴിഞ്ഞപാഠത്തിൽ നിങ്ങൾക്കു് ലഭിച്ചു. പക്ഷെ, ഇവയെല്ലാം പ്രാരംഭമായി മനുഷ്യന്നാവശ്യമുള്ളതു ജീവിക്കാനുള്ള മാർഗ്ഗമാണു്. വയറൊരിയുമ്പോൾ മറ്റൊന്നും മനുഷ്യനു് ഓർമ്മവരികയില്ല. രാഷ്ട്രീയമായാലും മതസംബന്ധമായ ആശയങ്ങളുമെല്ലാം വിശപ്പടങ്ങിക്കഴിയുമ്പോഴേ വെളിച്ചത്തു വരുന്നുള്ളു. അതുകൊണ്ടു് വിശപ്പും ദാഹവും അടക്കിയല്ലാതെ പൊരുജീവിതത്തിൽ മറ്റൊന്നും ചിന്തിക്കേണ്ട ആവശ്യമേയില്ല

ജീവിക്കാനുള്ള അവകാശം എല്ലാവർക്കും ഒരുപോലെയാണെന്നു് ഇതിനുമുമ്പു് പറഞ്ഞുവല്ലോ! ലോകാരംഭംമുതൽ ഇന്നുവരെ അതിനു തന്നെയാണു് മുഖ്യമായ സ്ഥാനം നൽകിവന്നിട്ടുള്ളതു്. ചരിത്രാരംഭകാലത്തെ മനുഷ്യന്റെ ആവശ്യങ്ങളും വളരെ പരിമിതമായിരുന്നു. ഭക്ഷണം, വസ്ത്രം, വേഗം എന്നിവകൊണ്ടു തൃപ്തിപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ ഇവ മൂന്നും തന്നെയാണെങ്കിലും പണ്ടത്തേതിൽനിന്നും അനേകംപടി ഉയർന്ന ഒരു തോതിലാണു്

നാം ഇന്നു ജീവിക്കാൻ ശീലിച്ചിട്ടുള്ളത്. ശാസ്ത്രം പുരോഗമിക്കുന്തോറും അതു് ഉയർന്നതന്നെ വരികയും ചെയ്യും.

നാഗരികതയും പരിഷ്കാരവും കൈവന്നിട്ടുള്ള സ്ഥലങ്ങളിലൊക്കെ മനുഷ്യന്റെ ഈ മൌലികാവകാശങ്ങൾക്കു വേണ്ട രക്ഷാവ്യവസ്ഥകളുണ്ട്. നമുക്കു ജീവിക്കാൻ ആവശ്യമുള്ള സാമ്പത്തികസംരംഭങ്ങളിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യത്തെ ആക്രമിക്കുവാൻ അവകാശമില്ല. എന്നാൽ രാജ്യത്തിന്റെ സാമ്പത്തികരക്ഷയ്ക്കു് ആവശ്യമുള്ള നടപടികളെടുക്കാൻ പൌരന്മാർ സഹകരിച്ചു പ്രവർത്തിക്കേണ്ടതും ആവശ്യമാണു്. അതു് പൊതുക്ഷേമത്തിനുവേണ്ടിയാണെന്നുള്ള പരമാർത്ഥം നാം വിസ്മരിക്കാൻ പാടില്ല.

രാജ്യത്തിന്റെ സാമ്പത്തിക രക്ഷ പണ്ടത്തെതിൽനിന്നു, തുലോം വ്യത്യസ്തമായിരിക്കുന്നു ഇന്നു്. ക്ഷേണം, വസ്ത്രം, മേവനം എന്നിവയെ സംബന്ധിച്ചു ഇടത്തിയ ചില ആവശ്യങ്ങൾ മാത്രമായി മനുഷ്യൻ ജീവിച്ചിരുന്ന കാലത്തെ സാമ്പത്തികപ്രശ്നങ്ങൾ വളരെ പരിമിതങ്ങളായിരുന്നു. എന്നാൽ ആവശ്യങ്ങൾ സാധിക്കുന്തോറും അവയുടെ ആകെത്തുക പെരുകിപ്പെരുകി വരുന്നതായി കാണാം. ഇങ്ങനെ, ക്ഷേണം, വസ്ത്രം, മേവനം എന്നിവയ്ക്കു പുറമെ, വാഹനം, പൊതുനിരത്തു്, വിദ്യാലയങ്ങൾ, ചലച്ചിത്രശാലകൾ, ഗ്രന്ഥാലയങ്ങൾ തുടങ്ങി അനവധി ആവശ്യങ്ങൾ നൈമേന്ദിനം പുതുതായി ഉണ്ടായിക്കൊണ്ടിരുന്നു. ഇതോടുകൂടി ഓരോരുത്തരും അവനവനു വേണ്ട എല്ലാ ആവശ്യങ്ങളുംകൂടി വേണ്ടി പ്രയത്നിക്കേയെന്നതു് അസാദ്ധ്യമായിത്തീർന്നു. അങ്ങനെ ഒരു കാര്യം ഇന്നു നമുക്കു് സ്വപ്നം കാണാൻപോലും സാദ്ധ്യമല്ല എന്തുകൊണ്ടെന്നാൽ, നമ്മുടെ ആവശ്യങ്ങളുടെ ആകെത്തുക അത്ര ഭയങ്കരമാംവണ്ണം വർദ്ധിച്ചിരിക്കുന്നു.

എന്താണ് ഈ പുതിയ മുറവിളികൊണ്ടുണ്ടായിത്തീർന്ന ഫലം? കൈത്തൊഴിൽ, വ്യവസായം, കച്ചവടം തുടങ്ങി പല

സാമ്പത്തികസംരംഭങ്ങളും പുതുതായി രൂപം കൈക്കൊണ്ടു. ഇവയൊക്കെ രാജ്യത്തിന്റെ പൊതുശ്രേയസ്സിനു വേണ്ടിയാണ് നടത്തുന്നതു്. മീൻപിടുത്തക്കാരൻ മത്സ്യം പിടിക്കുന്നതു് അയാൾക്കു മാത്രം ഭക്ഷിക്കാനല്ല! മറ്റു പലർക്കും അത്യാവശ്യമുണ്ടു്. ഇതുപോലെത്തന്നെ കച്ചവടക്കാരൻ സാമഗ്രികളും ശേഖരിക്കുന്നതും വിക്രയം ചെയ്യുന്നതും രാജ്യത്തിൽ പലരുടെയും ആവശ്യത്തിനു വേണ്ടിയാണു്. ചുരുക്കത്തിൽ, തൊഴിലുകളും വിഭജിച്ചു ചെയ്യാൻ തുടങ്ങിയതോടെ മനുഷ്യന്റെ സാമ്പത്തിക സംരംഭങ്ങളും വളരെ അധികം വർദ്ധിച്ചു പരസ്പരാശ്രയംകൂടാതെ ആർക്കും ജീവിക്കാൻ സാധിക്കില്ലെന്നായി. ഇതാണു് സാമ്പത്തിക സംരംഭങ്ങളും പൊതുരക്ഷയുടെ പരിധിയിൽ പ്രവേശിക്കാൻ കാരണം. പരിഷ്കൃതമായ ഏതൊരു രാജ്യത്തും കച്ചവടം, വ്യവസായം, സഹകരണപ്രസ്ഥാനങ്ങളും, ബാങ്കുകളും തുടങ്ങിയവയ്ക്കൊക്കെ രക്ഷാവ്യവസ്ഥകളും ഏർപ്പെടുത്തീട്ടുണ്ടു്. ഈ രക്ഷാവ്യവസ്ഥകളെ സംബന്ധിക്കുന്ന മൌലികജ്ഞാനമെങ്കിലും സമ്പാദിക്കേണ്ടതു് ഏതൊരു പൌരന്റെയും ധർമ്മമാണു്.

സാമൂഹികപ്രശ്നങ്ങൾ:

മനുഷ്യൻ സാമൂഹ്യത്തിന്റെ ഘടകമാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ! ഈ നിലയ്ക്കു സമൂഹ്യത്തെ സംബന്ധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും അവന്റെ കഴിവനുസരിച്ചുള്ള പങ്കു അവൻ വഹിക്കാതെ തരമില്ല. ഗ്രാമോദ്ധാരണ സംരംഭങ്ങളും, നഗരപരിഷ്കരണപദ്ധതികളുമെല്ലാം ഇതിൽ ഉൾപ്പെടുന്നുണ്ടു്. ആരോഗ്യരക്ഷാക്രമങ്ങൾ നടപ്പിലാക്കുക, വിദ്യാഭ്യാസം വികസിപ്പിക്കുക, സഹകരണപ്രസ്ഥാനങ്ങൾവഴി സാമ്പത്തിക സംരംഭങ്ങളിൽ നിയോജിച്ചു പ്രവർത്തിക്കുവാൻ സൌകര്യങ്ങളുണ്ടാക്കുക എന്നിങ്ങനെ അനവധി കാര്യങ്ങൾ സമൂഹ്യനിയോദ്ധാരണാർത്ഥം നിർവ്വഹിക്കാനുണ്ടു്. അതുകൊണ്ടുതന്നെയാണു് ഒരു രാജ്യത്തു

പ്രശ്നങ്ങളിലെല്ലാം കഴിവനുസരിച്ചുള്ള പങ്കുവഹിക്കേണ്ടതാണ് നമ്മുടെ ചുമതല. ജീവിതസമുദായത്തിന്റെ ഘടകം എന്ന പ്രയോഗത്തെ ഉർവ്വീകരിക്കുന്നതു്. 'സമുദായം' എന്നതിനു് ഹിന്ദു എന്നോ, മുസ്ലിം എന്നോ, സിക്ക് എന്നോ അല്ലാ അർത്ഥം വിവക്ഷിച്ചിട്ടുള്ളതു്. മനുഷ്യസമുദായത്തെ പൊതുവെ, ഉൾക്കൊള്ളിച്ചുകൊണ്ടാണ് 'സമുദായപ്രശ്നങ്ങൾ' എന്നു വിടെ പറഞ്ഞിട്ടുള്ളതു്. ഒരുവൻ സമുദായത്തിനുവേണ്ടി സമ്പാദിച്ചു കൊടുക്കുന്നതെന്തോ അതാണ് അവന്റെ ഏറ്റവും വലിയ നേട്ടം. എന്തുകൊണ്ടെന്നാൽ, അതുകൊണ്ടുള്ള നന്മ ജീവനു മാത്രമല്ലാ, എല്ലാവർക്കും സിദ്ധിക്കുന്നു. സ്വാർത്ഥത്തെ മാത്രം മുൻനിർത്തി ജീവിക്കുന്നവരെ ആരും ഓർമിയുകയില്ല; സ്മരിക്കുകയില്ല; മാത്രമല്ലാ നിന്ദിക്കാൻകൂടി എളുപ്പമുണ്ടു്. അതുകൊണ്ടു് ഒരു പൌരൻ എന്നഭിമാനിക്കണമെങ്കിൽ പൊതുസേവനത്തിനു സന്നദ്ധനായിരിക്കണം. സ്വാർത്ഥത്തെ വെടിഞ്ഞു പരാർത്ഥം പ്രവർത്തിക്കണം. സാമൂഹ്യപ്രശ്നങ്ങൾ പഠിക്കണം. അവയുടെ പരിഹാരങ്ങൾ കണ്ടെത്തണം. സമുദായസേവനത്തിനുവേണ്ടി എന്തു ക്ലേശവും സഹിക്കണം. അങ്ങനെയുള്ളവനെ സമുദായം ആദരിക്കും, സ്മരിക്കും — സ്നേഹിക്കും.—

മൂന്നാം അദ്ധ്യായം.

1. കുടുംബവും പൌരജീവിതവും.

"രാഷ്ട്രസമുദായത്തിന്റെ പ്രാരംഭഘടകമാണ് കുടുംബം" എന്നു ഡാക്ടർ വിൽസൺ അഭിപ്രായപ്പെടുന്നു. ഭരണഘടനകളൊക്കെ മുളയിടിട്ടുള്ളത് കുടുംബത്തിന്റെ സംഘടനയിൽ നിന്നാണ്. മനുഷ്യൻ ആദ്യമായി നേരിടുന്ന പൊതുസംഘടന അയാളുടെ കുടുംബമാണ്. തന്റെ അച്ഛൻ, അമ്മ, സഹോദരീസഹോദരന്മാർ ഇവരെന്നിച്ച് ഒരു ഭവനത്തിൽ ഇണങ്ങിക്കഴിയാനുള്ള ഒരു പരിചയം സിദ്ധിക്കേണ്ടതുണ്ട്. അതാണ് പൌരജീവിതത്തിലെ പ്രാരംഭപാഠം. സാമുദായികവും ദേശീയവുമായ സംഘടനകളിൽ സഹകരിച്ചു പ്രവർത്തിക്കുവാനുള്ള പരിശീലനം സിദ്ധിക്കേണ്ടതു കുടുംബത്തിൽനിന്നാണ്. അതുകൊണ്ട് കുടുംബജീവിതത്തിൽ പല മുന്നൊരുക്കങ്ങളും നടക്കേണ്ടിക്കാനുണ്ട്.

കുടുംബം എങ്ങനെയാണ് യോജിച്ചു കഴിയേണ്ടത്? ഒന്നാമതായി കുടുംബാംഗങ്ങൾക്കു അലട്ടുകൂടാതെ കഴിയാനുള്ള മാർഗ്ഗമുണ്ടായിരിക്കണം. വിശപ്പു, ദാഹം അടക്കി ഒരുവിധം സുഖമായി ജീവിക്കാനുള്ള പണമുണ്ടായാൽ മതി. അതില്ലാതെ വരുമ്പോഴാണ് ദ്വേഷ്യം, സങ്കടം, അസ്വസ്ഥത തുടങ്ങിയ വികാരങ്ങളുടെ പ്രേരണകൊണ്ട് കുടുംബച്ചട്ടുകങ്ങൾ കലഹിക്കുന്നത്. മാത്രമല്ലാ രോഗങ്ങളും മറ്റും ബാധിച്ച് കുടുംബത്തെ സൈരം കെടുത്തുന്നതും അധികവും വിശപ്പും ദാഹവുമടക്കാൻ സാധിക്കാതെ വരുമ്പോഴാണ്. ഇന്ത്യയിൽ രോഗങ്ങളും അകാലമരണങ്ങളും സംഭവിക്കുന്നതിനുള്ള മുഖ്യകാരണങ്ങളിൽ ഒന്ന് ഇതാണ്. അതുകൊണ്ട് മനുഷ്യജീവിതത്തിലെ മൌലികാവശ്യങ്ങളും—ഭക്ഷണം, വസ്ത്രം, വേനം—ഇവ തൃപ്തിപ്പെട്ടാൽതന്നെ കുടുംബജീവിതം ഒരുവിധം ഭംഗിയായി കഴിഞ്ഞുകൂടാം.

പക്ഷെ, ഈ മെയ്‌ലികാവകാശങ്ങളും ഉണ്ടായിട്ടും കലഹങ്ങളും കാണുക പതിവാണ്. അതിനുള്ള അനേകം കാരണങ്ങളിലൊന്ന് മനുഷ്യന്റെ സങ്കുചിതമായസ്ഥതയാണ്. അവനവന്റെ സൌകര്യങ്ങളും പരിരക്ഷിക്കാൻ ശ്രമിക്കുന്നവൻ മറ്റുള്ളവരും അത്തരം ചില സൌകര്യങ്ങളും അഭിക്കുന്നുണ്ടെന്ന് ഓർത്താൽ മതി. ചില കുടുംബങ്ങളിൽ ഒറ്റതിരിഞ്ഞു ജീവിക്കുന്ന ആളുകളെ നാം കാണാറുണ്ട്. ഒരു പ്രത്യേക മുറി, പ്രത്യേക വിളക്ക്, പാത്രങ്ങളും, എന്നിങ്ങനെ പലതും അത്തരക്കാർ അതിനകത്ത് അടച്ചുപൂട്ടി വെച്ചേക്കും. മറ്റുള്ള കുടുംബാംഗങ്ങളും അതു സ്പർശിക്കുവാൻപോലും പാടില്ല. ഇത്തരക്കാരുടെ ജീവിതം കൂടെയുള്ള കുടുംബത്തെ ദരിദ്രീപ്പിക്കുകയാണ് പതിവ്. കേരളത്തിലെ മരുമക്കത്തായ തറവാട്ടുകാര ഒരു കാലത്ത് സമുദായഘടനയുടെ ജീവനാഡിയായിരുന്നു. പക്ഷെ, ഇത്തരത്തിലുള്ള ഒറ്റയാന്മാരുടെ സങ്കുചിതബുദ്ധിയോടുകൂടിയുള്ള പെരുമാറ്റമാണ് മരുമക്കത്തായത്തിന്റെ നാശത്തിനുള്ള നിരവധി കാരണങ്ങളിലൊന്ന്.

കുടുംബം നമുക്കു വളരെ അധികം അടുപ്പമുള്ളവരുടെ ഒരു സംഘടനയാണ്. അവിടെ രക്തബന്ധം പ്രസ്പഷ്ടമാണ്. ഈ പരമാർത്ഥം നിങ്ങൾ ഒരിക്കലും വിസ്മരിക്കരുത്. കുടുംബത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി നിങ്ങളുടെ പ്രത്യേക സുഖങ്ങളും സൌകര്യങ്ങളുമൊക്കെ ഉപേക്ഷിക്കേണ്ടിവന്നേക്കാം. അങ്ങനെ ജീവിക്കാൻ തയ്യാറില്ലാത്തവർ പൌരനെന്നഭിമാനിക്കാൻ അർഹരല്ല.

കുടുംബം ഒരു വിദ്യാലയമാണ്. നമുക്കു വിദ്യാഭ്യാസം നൽകുന്ന ഒന്നാമത്തെ പാഠശാല നമ്മുടെ സ്വന്തം ഭവനമാണ്. അവിടെ ലഭിക്കുന്ന അനുഭവങ്ങളിൽനിന്നു പലതും നമുക്കു ഗ്രഹിക്കാനുണ്ട്. ഒരു വിദ്യാലയത്തിൽ നിരവധി വിദ്യാർത്ഥികളെയാണിച്ചു കഴിയുന്നതുപോലെ കുടുംബത്തിലും ഇണങ്ങിക്കഴി

യാം. അച്ഛക്കോബാധത്തോടുകൂടി ജീവിച്ചാൽ വളരെ പ്രയാ
സംകൂടാതെ കഴിക്കാൻ സാധിക്കും. കാരണവന്മാരുടെ നിർദ്ദേശ
ങ്ങൾക്കു വഴങ്ങിക്കൊടുക്കുന്നവരായിരിക്കണം അനന്തിരവന്മാർ.
അങ്ങനെ ഒരു നേതാവിന്റെ നിർദ്ദേശങ്ങളെ അനുസരിക്കാതെ
വാളെടുത്തവരൊക്കെ വെളിച്ചപ്പാടന്മാരായാൽ വിഷമമാണ്.
ഒരു വിദ്യാലയത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും സമാവകാശമാ
ണല്ലോ ഉള്ളതു്. അവിടത്തെ സകല സാമഗ്രികളും അങ്ങനെ
സമാവകാശത്തിലാണ് സജ്ജമാക്കപ്പെട്ടിട്ടുള്ളതു്. ബോർഡു്,
ഭൂപടം, ഗ്രന്ഥാലയം, ബെഞ്ചു്, ഡെസ്ക്കു് എന്നിങ്ങനെ സ
കലതും സകലർക്കുംവേണ്ടിയുള്ളതാണ്. എന്നാൽ, ഈ ബോധ
മില്ലാതെ ഏതെങ്കിലും ഒരു വിദ്യാർത്ഥി ഗ്രന്ഥാലയത്തിലെ ഏ
റ്റവും നല്ല നാലു പുസ്തകം എടുത്തുകൊണ്ടുപോയി കൊല്ലാവ
സാനംവരെ മടക്കിക്കൊടുക്കാതിരുന്നാലോ? അതരക്കാർക്കാ
ട്ടു് ആർക്കും വലിയ സുഖമുണ്ടാവില്ല. കുടുംബജീവിതത്തിലും
ഇതൊക്കെത്തന്നെയാണു് ശ്രദ്ധിക്കാനുള്ളതു്.

കുടുംബത്തിൽ സ്വാതന്ത്ര്യവും സൌഹാർദ്ദവും പുലരണ
മെങ്കിൽ വിദ്യാഭ്യാസം അത്യാവശ്യമാണ്. ക്ഷേത്രം, വസ്ത്രം,
ഇടങ്ങിയ മൌലികാവകാശങ്ങളെപ്പോലെ വിദ്യാഭ്യാസവും കു
ടുംബജീവിതം സൌഹാർദ്ദപരമാക്കിത്തീർക്കാനുള്ള ഉപാധികളിൽ
ഒന്നാണ്. വിദ്യാഭ്യാസം ഇല്ലാത്തവരാണ് സങ്കുചിതബുദ്ധിയോ
ടുകൂടി ഒറ്റതിരിഞ്ഞു ജീവിക്കുന്നവരധികവും. അതുകൊണ്ടു് കുടും
ബാംഗങ്ങളേവരും കഴിയുന്നത്ര അഭ്യസ്തവിദ്യരായിക്കഴിഞ്ഞാൽ
അവിടത്തെ ജീവിതം ഏറ്റക്കുറെ സുഖപ്രദമായിക്കൊള്ളും.

നാം ശ്രീക്കുന്ന ഒന്നാമത്തെ പൊതുസംഘടന നമ്മുടെ കു
ടുംബമാണെന്നു് ആദ്യം പറഞ്ഞുവല്ലോ! കുടുംബത്തിന്റെ പൊ
തുസ്വത്താണ് ഭവനവും അതിനകത്തെ സാമഗ്രികളും. അവ
യൊക്കെ, എല്ലാ അംഗങ്ങൾക്കും വേണ്ടിയുള്ളതാണ്. അവ
വേണ്ടവിധത്തിൽ പോഷിപ്പിക്കാനും നിലനിർത്താനും വേണ്ട

പ്രയത്നിക്കാനുള്ളൊരു മനോഭാവമാണ് അംഗങ്ങൾക്കുണ്ടാകേണ്ടത്. ചിലർ കൃഷിചെയ്യേണ്ടിവരും; ചിലർ മേലനേഷണം നടത്തേണ്ടിവരും; ചിലർ ഭോജനശ്രീകരണത്തിൽ ഏർപ്പെടേണ്ടിവരും. ഇവിടെ യോജിച്ചുള്ള പ്രയത്നമേ നടക്കൂ. ഓരോരുത്തനും അവനവനുമാത്രം ആവശ്യമുള്ള ധാന്യം കൃഷിചെയ്യാനും, അതു പാകംചെയ്യാനും തുടങ്ങിയാൽ വിഷമമാണ്. ആ കാലമൊക്കെ കഴിഞ്ഞിട്ട് അനേകായിരം കൊല്ലങ്ങളായി നാം കടന്നുമുന്നോട്ടുപോന്നിരിക്കുന്നു. യോജിച്ചും, തൊഴിലുകൾ വിഭജിച്ചും ചെയ്യുശീലിച്ചാൽ നേടാവുന്നതിന്റെ ഒരു ശതാംശംപോലും കരസ്ഥമാക്കാൻ ഇത്തരത്തിലുള്ള ഒറ്റതിരിഞ്ഞ ജീവിതംകൊണ്ടു സാധ്യമല്ല.

2. സംഘടനകൾ.

കുടുംബം മനുഷ്യനെ സഹകരണശീലം പഠിപ്പിക്കുന്നതെങ്ങനെയെന്നു നാം കണ്ടു. കുടുംബത്തിൽ അതിന്റെ ഘടകങ്ങളായ അംഗങ്ങൾ സംഘടിച്ചും സഹകരിച്ചും വർത്തിച്ചില്ലെങ്കിൽ വന്നുകൂടാവുന്ന വിഷമങ്ങളും നാം പഠിച്ചു. എന്നാൽ, കുടുംബജീവിതംകൊണ്ടുമാത്രം തൃപ്തിപ്പെടുന്ന രീതിയിലല്ലോ ഇന്നത്തെ സമുദായഘടന. ഒരു കാലത്തു്,—അന്നു് ചരിത്രം ആരംഭിച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ—, കുടുംബസംഘടനയിൽ കവിഞ്ഞൊന്നും മനുഷ്യൻ ചിന്തിക്കേണ്ടിയിരുന്നില്ല. അതു് അനേകായിരം കൊല്ലങ്ങൾക്കു മുമ്പുള്ള കഥയാണെന്നോർക്കണം. ഇപ്പോൾ, ആ നിലയൊക്കെ വിട്ടുകഴിഞ്ഞിരിക്കുന്നു. കുടുംബത്തിലെ സഹകരണശീലം മറ്റുള്ള സംഘടനകളിലേക്കു പ്രവേശിക്കാനുള്ള ഒരു പ്രാഥമിക പരിശീലനം മാത്രമാകുന്നുള്ളൂ. വീട്ടിൽ ഒടുങ്ങിയൊതുങ്ങിയിരിക്കാനല്ലാ നാം നിശ്ചയിച്ചിട്ടുള്ളതു്. സമുദായവും രാജ്യവും നമ്മളിൽനിന്നു പ്രതീക്ഷിക്കുന്നതും അതല്ല. ജീ

വിതത്തിന്റെ സമ്പ്രദായത്തിൽ വളരെ അധികം വ്യത്യാസങ്ങളും വന്നുകൂടീട്ടുള്ളൊരു കാലമാണ് ഇതു്. ഓരോ പ്രത്യേക സൌകര്യങ്ങളെ ലാക്കാക്കി പല സംഘടനകളും ഇന്നു നടപ്പായിട്ടുണ്ട്. അവയുടെ എണ്ണം പെരുകിയേ വരുന്നുള്ളുതാനും.

മതാചാരങ്ങളെ നിലനിത്തിപ്പോരാനുള്ളവ, സമസൃഷ്ടിസേവനത്തിനുള്ളവ, സംസ്കാരാഭിവൃദ്ധിക്കുള്ളവ, സാങ്കേതികസംരംഭങ്ങളെ പോഷിപ്പിക്കാനുള്ളവ എന്നിങ്ങനെ സംഘടനാകർമം പല വിധത്തിലാണ് ഇന്നു വർദ്ധിച്ചുവരുന്നതു്. ഇവയൊക്കെ ഏറെക്കുറെ നിങ്ങൾക്കു കേട്ടു പരിചയമുള്ളവയായിരിക്കും. എങ്കിലും ഇവയേപ്പറ്റിയൊന്നും സാമാന്യമായിട്ടൊന്നു പരിശോധിച്ചുനോക്കാം.

മതസംഘടനകൾ

ചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽത്തന്നെ ഈശ്വരബോധം മനുഷ്യനിൽ വേരുറച്ചിട്ടുണ്ട്. പ്രകൃതിയിൽ കാണുന്ന ശക്തികളെ പ്രാചീനമനുഷ്യന്റെ ആശ്ചര്യത്തിനും, ആരാധനയ്ക്കും വിഷയീഭവിക്കുകയാണ് ആദ്യമായിട്ടുണ്ടായതു്. ഇങ്ങനെ ആകാശം, ഭൂമി, സൂര്യചന്ദ്രന്മാർ, തുടങ്ങിയവയൊക്കെ പ്രാചീനമനുഷ്യരുടെ ആരാധനയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. പ്രാചീന ഈജിപ്തിലെ ജനങ്ങളാകെ നൈൽ നദിയേയും, ഋതിലെ മുതല, ചീങ്കണ്ണി തുടങ്ങിയ ജന്തുക്കളേയും ആരാധിച്ചിരുന്നു. മനുഷ്യന്റെ ബുദ്ധിക്കു മനസ്സിലാക്കാൻ കഴിയാത്ത ചില അത്ഭുതശക്തികളാണ് അവർ ഈ വസ്തുക്കളിൽ കണ്ടതു്. അതാണ് ആദരത്തിനും ആരാധനയ്ക്കുമുള്ള കാരണം. അതിൽ നിന്നുതന്നെയാണ് മതത്തെക്കുറിച്ചുള്ള മതിപ്പും ആരംഭിച്ചതു്. ഇത്തരം വിശ്വാസങ്ങളെ പരിരക്ഷിക്കാനും ആരാധനാമൂർത്തികളെ ആദരിച്ചുകൊണ്ടുള്ള ആഘോഷങ്ങളെ മോടിപിടിപ്പിക്കുന്നതിനും മറ്റുമായി ക്രമേണ സംരംഭങ്ങളും വർദ്ധിച്ചു വന്നു. ആദ്യം ഭവനംതോറും ആരാധനയ്ക്കുള്ള ഏർപ്പാടുകളുണ്ടായിരുന്നു. പിന്നാൽ തൊഴിൽ വിജയം

വർധിക്കുകയും ആരാധനയ്ക്കുള്ള സ്ഥലങ്ങൾ മോടികൂട്ടാനുള്ള ആഗ്രഹം വർധിക്കുകയും ചെയ്തതോടെ സമുദായം സംഘടിച്ചു പരിശ്രമിച്ചാൽ കൂടുതൽ സൌകര്യമുണ്ടെന്നു കണ്ടു. ഇങ്ങനെ ആചാരങ്ങളിലും വിശ്വാസങ്ങളിലും ഐകരൂപ്യമുള്ളവർ സംഘടിച്ചതിനുശേഷം അവരുടെ വിശ്വാസങ്ങളെ പ്രബലപ്പെടുത്താൻ ശ്രമിച്ചു. അങ്ങനെയാണ് മതസംഘടനകളുണ്ടായത്.

മതം മനുഷ്യനെ മാനുഷികമായി ചെയ്യാനുള്ളതാണ്. ഏതെങ്കിലും ഒരു മതത്തിൽ അടിയുറച്ചു വിശ്വസിക്കാത്ത മനുഷ്യനെ കാണാൻ പ്രയാസമാണ്. ഈ മതിപ്പു പുലർത്തിപ്പോരാൻ അതിൽ വിശ്വാസമുള്ളവരൊക്കെ സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്; എന്തുകൊണ്ടെന്നാൽ അതൊരു വ്യക്തിയുടെ സ്വത്തല്ലാ പൊതുസ്വത്താണ്. ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മുസ്ലീമുകൾക്കുമെല്ലാം ഇങ്ങനെ അവരുടെ മതവിശ്വാസങ്ങളെ അടിസ്ഥാനമാക്കിട്ടുള്ള സംഘടനകളുണ്ട്. അതായതു മതക്കാർ അവയോടു സഹകരിച്ചു നില്ക്കുന്നതും അവയുടെ നടത്തിപ്പിന്നാവശ്യമുള്ള ചട്ടങ്ങളെ അച്ചടക്കത്തോടുകൂടി അനുസരിക്കേണ്ടതുമാകുന്നു. സ്വാതന്ത്ര്യമാകട്ടെ മുൻപറഞ്ഞ ഇത്തരം കാര്യങ്ങളിൽ വിലങ്ങടിച്ചു നില്ക്കുന്നവരെ സമുദായം നിന്ദിക്കും. സന്ദർഭവശാൽ സംഘത്തെ പ്രതിജ്ഞയിൽ 'ദൈവത്തോടുള്ള പ്രാർത്ഥന' നിർവ്വഹിച്ചുകൊള്ളാമെന്ന വാഗ്ദാനത്തിന്റെ ഉള്ളടക്കം നിങ്ങൾക്കറിവില്ലേ? മതസംബന്ധമായ കർത്തവ്യങ്ങളാണ് പ്രതിജ്ഞയിലെ ഈ ഭാഗംകൊണ്ടുദ്ദേശിക്കുന്നതു്.

ഇവിടെ ഒരു കാര്യം ജനസ്സിക്കാരായ നമുക്കു പ്രത്യേകം ഓർമ്മിക്കേണ്ടതുണ്ട്. അവനവന്റെ മതമേ നല്ലതായിട്ടുള്ളൂ എന്നാണു മറ്റു മതങ്ങളൊക്കെ നിന്ദ്യങ്ങളാണെന്നോ ആരും വിചാരിച്ചുപോകരുതു്. ഓരോ മതവും വളരെക്കാലത്തെ അടിയുറച്ച വിശ്വാസങ്ങളാണ് പുലർത്തിപ്പോരുന്നതു്. മനുഷ്യനു് അവന്റെ വിശ്വാസങ്ങളെ പുലർത്താനുള്ള സ്വാതന്ത്ര്യത്തെ തടയാൻ ആർക്കും

അവകാശമില്ല; അധികാരമില്ല. ഒരു മതക്കാർ മറ്റു മതക്കാരെ നിന്ദിക്കാൻ തുടങ്ങിയാൽ രാജ്യത്തിൽ സമാധാനം പുലരുകയില്ല. മതവിശ്വാസങ്ങളിലെന്തൽ ആയാലും അനാവശ്യമായി കൈകടത്തരുതു്. ഒരു കുടുംബത്തിൽ പല സ്വഭാവത്തിലുള്ള ആളുകളും യോജിച്ചു കഴിയുന്നില്ലേ? അഥവാ, കഴിയേണ്ടതല്ലേ? അക്കൂട്ടത്തിൽതന്നെ ഭിന്നമതക്കാരും യോജിച്ചു വർത്തിക്കേണ്ടതാണു്.

സമസ്തസൃഷ്ടിസേവനസംഘടനകൾ:

സമസ്തസൃഷ്ടികളോടു് അനുഭാവം തോന്നേണ്ടതു് ഒരു പൌരന്റെ കർത്തവ്യമാണെന്നു മുമ്പു പറഞ്ഞുവല്ലോ! മനുഷ്യന്റെ ജീവിതം പരിഷ്കരിക്കുകയും പുരോഗമിക്കുകയും ചെയ്യണമെങ്കിൽ സമസ്തസൃഷ്ടിസേവനത്തിനു് പ്രത്യേകം സംഘടനകൾതന്നെ ഉണ്ടായിത്തുടങ്ങി. ഇത്തരം സംഘടനകൾ ഏതു രാജ്യത്തുള്ളതായാലും വിരോധമില്ല, നമുക്കു് അവയോടു മതിപ്പുണ്ടാകേണ്ടതാണു്. മനുഷ്യനെ സേവിക്കുക എന്നതു് അതിന്റെ മുഖ്യലക്ഷ്യമല്ലെ. അതിനോടു് സഹകരിക്കുന്നതു മനുഷ്യത്വത്തിനു് ഒഴിച്ചുകൂടാൻ വയ്യാത്തതാണു്. ഇത്തരത്തിൽപ്പെട്ട ലോകത്തിലെ ഏറ്റവും പ്രസിദ്ധമായ സംഘടനയാണു് 'റെഡ്ക്രോസ് സൊസൈറ്റി'. ഈ കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധത്തിൽ റെഡ്ക്രോസ് സൊസൈറ്റിയുടെ സേവനം ശ്ലാഘനീയമായിരുന്നു. ഏതു രാജ്യത്തിലും പ്രവേശിക്കുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. ആതുരന്മാരുടെയും യുദ്ധത്തടവുപുള്ളികളുടേയും സൌകര്യത്തിനു വേണ്ടി 'റെഡ്ക്രോസ് സൊസൈറ്റി'ക്കാർ അശ്രാന്തം പരിശ്രമിച്ചിരുന്നു അവരുടെ സേവനത്തെ ആരും തടഞ്ഞിരുന്നില്ല. സഖ്യകക്ഷി എന്നോ അച്ചുതണ്ടുകക്ഷി എന്നോ ഉള്ള വ്യത്യാസം അവർക്കു ബാധകമായിരുന്നില്ല. അവർക്കു ശത്രുമിത്രം ആരും തന്നെ ഉണ്ടായിരുന്നില്ലെന്നുസാരം. ഇത്തരം സംഘടനകളെ സഹായിക്കേണ്ടതു മനുഷ്യസഹജമായിട്ടുള്ള ഒരു കർത്തവ്യം മാത്രമായിട്ടേ നിങ്ങൾ കണക്കാക്കേണ്ടതുള്ളൂ.

സാംസ്കാരികസംഘടനകൾ.

മനുഷ്യനെ ഒരു സമുദായ ജീവിയാക്കിത്തീർക്കാനുള്ള രാസ തന്ത്രം നൽകുന്നതു്, അവന്റെ സംസ്കാരമാണു്. ഓരോ രാജ്യത്തിനും പ്രത്യേകമായ ഓരോ സംസ്കാരമുണ്ടായിരിക്കും. വളരെ ക്കാലത്തെ സാമൂഹ്യ ജീവിതത്തിന്റെ ഫലമായിട്ടാണു് ഇതു് അടിയുറയുന്നതും പുരോഗമിക്കുന്നതും. ഒരേ ഭാഷ, ഒരേ മതം, ഒരേ ആചാരം, ഒരേ വിശ്വാസം, ഒരേ രീതിയിലുള്ള വിദ്യാഭ്യാസം തുടങ്ങി പലതും ഈ സംസ്കാരത്തിന്റെ വളർച്ചയ്ക്കു കാരണമാണു്. പ്രകൃതിയാൽ നൽകപ്പെട്ട അതിരുകൾക്കുള്ളിൽ അനേകകാലം ഒന്നിച്ചു ജീവിക്കുന്നതുകൊണ്ടാണു് ഇങ്ങനെ പ്രത്യേകം ഓരോ സംസ്കാരങ്ങളും രൂപം കൈക്കൊള്ളുന്നതു. കേരളീയ സംസ്കാരവും തമിഴ് ദേശത്തെ സംസ്കാരവും തമ്മിൽ നേരിയ ചില വ്യത്യാസങ്ങളും കണ്ടേക്കാം. കർണ്ണാടകസംസ്കാരവും ഉത്തരേന്ത്യയിലെ സംസ്കാരവും തമ്മിലും അന്തരമുണ്ടു്. എന്നാൽ, ഈ വ്യത്യാസങ്ങളൊന്നും അത്ര സ്ഥായിയായിട്ടുള്ളതല്ല. ഇന്ത്യക്കാർക്ക് പൊതുവെ ഒരു സംസ്കാരമുണ്ടു്. അതിൽ ഈ വ്യത്യാസങ്ങൾക്കൊന്നും സ്ഥാനമില്ല. ഇന്ത്യക്കാരെ ചൈനക്കാരിൽനിന്നും, ചൈനക്കാരെ റഷ്യക്കാരിൽനിന്നും വേർതിരിക്കുന്ന ചില പ്രത്യേകതകളുണ്ടു്. ആ പ്രത്യേകതകളോടു താരതമ്യപ്പെടുത്തുമ്പോൾ കേരളീയനെന്നും തമിഴനെന്നുമുള്ള വ്യത്യാസങ്ങളൊക്കെ മങ്ങിപ്പോകാതെ തരമില്ല.

സംസ്കാരപരമായ ഇത്തരം ഐകരൂപ്യങ്ങളെ ആസ്പദമാക്കിയുള്ള സാംസ്കാരികസംഘടനകൾ ഇന്നു ധാരാളമായി വർദ്ധിച്ചുവരുന്നുണ്ടു്. സാമുദായഭിന്നതകളോ, മതവ്യത്യാസങ്ങളോ ഒന്നും ഇവിടെ കണക്കാക്കപ്പെടുന്നില്ല. അവയേക്കാൾ വിപുലമാണു് സാംസ്കാരികസംഘടനകളുടെ സഞ്ചാരപരിധി. സാഹിത്യസമാജങ്ങൾ, ശാസ്ത്രഗവേഷണസംഘങ്ങൾ തുടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

ശാസ്ത്രത്തിന്റെ അത്ഭുതകരമായ പുരോഗതിയുടെ ഫലമായി ഇന്നു് ദൂരത്തേയും സമയത്തേയും മനുഷ്യൻ ജയിച്ചുകഴിഞ്ഞിരിക്കുന്നു. കമ്പിയില്ലാക്കമ്പി, റേഡിയോ, ടെലഫോൺ തുടങ്ങിയ കണ്ടുപിടുത്തങ്ങളും സമയത്തെ ജയിച്ച് രാജ്യങ്ങളെ എന്തെന്നില്ലാതെ അടുപ്പിച്ചിരിക്കുന്നു. ഇംഗ്ലണ്ടിൽ ഇരുന്നു് ഒരാൾ സംസാരിക്കുന്നതും പാട്ടുപാടുന്നതുമൊക്കെ ഏതാനും നിമിഷത്തിനകം ഇന്ത്യക്കാർക്കു കേൾക്കാൻ സാധിക്കുന്നു. ഇതുപോലെത്തന്നെ വിമാനങ്ങളുടെ വരവോടുകൂടി ദൂരത്തേയും നാം ഏറെക്കുറെ ജയിച്ചിരിക്കുന്നു. ഒരു ഗ്രാമത്തിലെ ജനങ്ങളെ ഒന്നിച്ചു കഴിയുന്നതുപോലെ ലോകത്തിനു മുഴുവൻ യോജിച്ചു കഴിയാൻ സാധിക്കുന്ന ചുറ്റുപാടാണ് നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതു്. ലോകം മുഴുവനും കൂടി ഒരു പൊതുകുടുംബം എന്നതിലധിഷ്ഠിതമായ ജീവിക്കയേൻവേണ്ട സഹോദര്യങ്ങളാണ് ശാസ്ത്രഗവേഷകന്മാർ നമുക്കു സമ്പാദിച്ചു തന്നിട്ടുള്ളതു്. ഈ പുതിയ ചുറ്റുപാടിൽ ഒരു 'സാർവ്വലൌകികസാംസ്കാരികസംഘടന'യാണ് നമുക്കിന്നു് ആവശ്യം. ലോകത്തെ മുഴുവൻ ഒരേ ഒരു സംസ്കാരംകൊണ്ടു ചായം പൂശാൻ സാധിക്കുമെന്നും സാധിക്കേണ്ടതാണെന്നും അന്താരാഷ്ട്രീയനേതാക്കന്മാർക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. പർവ്വതങ്ങളോ, നദികളോ, താഴ്വരകളോ, അപാരമായ പാരാവാരം തന്നെയോ നമ്മുടെ പരസ്പര സംപർക്കത്തിന്നിന്നു പ്രതിബന്ധമല്ല. ഐക്യരാഷ്ട്രസംഘടനയുടെ സാർവ്വലൌകികസമാധാനം പുലർത്താനുള്ള സംരംഭങ്ങളിൽ ഇതും ഉൾപ്പെട്ടുന്നുണ്ടു്.

തൊഴിൽസംഘടനകൾ:

ഓരോ മനുഷ്യനും അവനവനാവശ്യമുള്ള സാമഗ്രികൾ നിർമ്മിച്ചിരുന്ന ആ പഴയ കാലത്തു് ആവശ്യങ്ങളുടെ എണ്ണം വളരെ കുറവായിരുന്നു. ആവശ്യങ്ങൾ വർദ്ധിച്ചും തൊഴിലുകൾ വിഭജിച്ചും വന്നതോടുകൂടി തൊഴിലുകൾക്കു് അഭിവൃദ്ധിയുണ്ടായി. ഒ

രുവന്റെ ബുദ്ധി ഒരു പ്രത്യേക തൊഴിലിൽമാത്രം വ്യാപരിക്കുമ്പോൾ അതു പലവിധത്തിലും പരിഷ്കരിക്കാൻ സാധിക്കും. അയാൾ നിർമ്മിക്കുന്ന വസ്തുക്കൾക്കു മോടി കൂട്ടാനും, നിർമ്മാണത്തിന്റെ വേഗതകൂട്ടാനും ഈ വിഭജനംകൊണ്ടു സാധിക്കുന്നുണ്ട്. എന്നാൽ, ഒരേ തൊഴിൽ ചെയ്യുന്നവർ തന്നെ യോജിച്ചു യത്നിക്കാൻ തുടങ്ങിയാലോ? ഇതിനേക്കാൾ എത്രയോ വലിയ നേട്ടങ്ങളാണ് അതുകൊണ്ടുണ്ടാകുക.

ഉദാഹരണത്തിന്നായി കൈത്തറി വസ്ത്രത്തിന്റെ കാര്യം തന്നെ നോക്കാം. ഓരോ നൂലിഴകളും വേഗത്തിൽ പാവാൻ ഒരു പുതിയ കൌശലം കണ്ടുപിടിച്ചിട്ടുണ്ടാവാം. മറ്റൊരാൾ നല്ല നേരിയ നൂലുണ്ടാക്കാനായിരിക്കും സമർത്ഥൻ. മൂന്നാമതൊരാൾ വസ്ത്രത്തിന്നു ചായം കൊടുക്കാൻ എന്തെങ്കിലും എളുപ്പവിദ്യ കണ്ടുപിടിച്ചു എന്നുവരാം. നാലാമതൊരുത്തൻ വേഗത്തിൽ നൂലുണ്ടാക്കാൻ പറ്റിയ മാർഗ്ഗമായിരിക്കും കണ്ടെത്തിട്ടുണ്ടാവുക. ഈ നാലുപേരും കൂടി യോജിച്ച് ഓരോരുത്തന്റേയും വിദ്യ മറ്റുള്ളവരുടെ പ്രയത്നത്തിന്നു സഹായമാക്കുകയാണെങ്കിലോ? അതിന്റെ ഗുണം സമുദായത്തിന്നു മുഴുവൻ അനുഭവിക്കാൻ സാധിക്കും. ഇതാണ് തൊഴിൽവിഭജനമാർ സംഘടിച്ചാൽ രാജ്യത്തിന്നുണ്ടാകാവുന്ന വലിയ നേട്ടം. സമസൃഷ്ടിസേവന സംഘടനകൾക്കും, സാംസ്കാരികസംഘടനകൾക്കുമെല്ലാം ഇതുപോലെത്തന്നെയുള്ള സേവനമാണ് രാജ്യത്തിന്നു നൽകാൻ സാധിക്കുക. എല്ലാവരുടേയും ബുദ്ധിശക്തിയും സാമർത്ഥ്യവും ഒരുപോലെയല്ല. എന്നാൽ, സഹകരിച്ചും സംഘടിച്ചും ചെയ്യുന്ന പരിശ്രമങ്ങളിൽ എല്ലാ തരക്കാരുടേയും സാമർത്ഥ്യത്തിന്റെ നേട്ടങ്ങളും രാജ്യത്തിന്നു ഉല്ലംഘിക്കുണ്ടാകും. അങ്ങനെ പുതിയ ആശയങ്ങളും പുതിയ സാഹചര്യങ്ങളുമെല്ലാം സൃഷ്ടിക്കാൻ സാധിക്കും.

മേൽപറഞ്ഞവിധം തൊഴിലുകളുടെ അഭിവൃദ്ധിക്കു വേണ്ടി യുള്ള അനേകതരം സംഘടനകളും ഇന്നു പരിഷ്കൃതരാജ്യങ്ങളി ലെല്ലാമുണ്ട്. നാനാതരത്തിലുള്ള നേട്ടങ്ങളാണ് സംഘടിച്ചുള്ള യത്നംകൊണ്ട് അവയ്ക്കു ലഭിക്കുന്നത്. തൊഴിൽചെയ്യുന്നവർക്കുള്ള വിഭവങ്ങളുടെ ഗുണം വർദ്ധിപ്പിക്കുവാനും അവയ്ക്കു കൂടുതൽ വില കിട്ടുവാനും, ആവശ്യത്തിലധികം ഉണ്ടാക്കി ദുർവ്യയം ചെയ്യാതിരി ക്കുവാനും, അനാവശ്യമായ മത്സരംകൊണ്ട് നഷ്ടത്തിനിടവരു ത്താതെ കഴിക്കുവാനുമെല്ലാം ഇത്തരം സംഘടനകളും ആവശ്യമാ ണ്. വിദ്യാർത്ഥികളായ നിങ്ങൾക്കുതന്നെ വിദ്യാർത്ഥികോൺഗ്ര സ്സ്, വിദ്യാർത്ഥിഫെഡറേഷൻ തുടങ്ങിയ ചില സംഘടനകളി ല്ലേ? അതുകൊണ്ടുള്ള നേട്ടങ്ങളും എന്തൊക്കെയാണെന്നു നി ങ്ങൾക്കറിയാമല്ലോ? പക്ഷെ, അവ തൊഴിൽസംഘടനയുടെ ഗണത്തിൽ ഉൾപ്പെടുത്താവുന്നവയാണെന്നു തോന്നുന്നില്ല.

അദ്ധ്യാപകസംഘങ്ങളും, അഞ്ചൽഉദ്യോഗസ്ഥസംഘം, ബാർഅസോസിയേഷൻ തുടങ്ങിയവയൊക്കെ ഓരോതരം തൊ ഴിൽസംഘടനകളാണ്. കേരകർഷകസംഘം, വ്യാപാരിസം ഘം തുടങ്ങിയവയും തൊഴിൽസംഘടനകളും തന്നെ. ചില ഉദാഹരണങ്ങളും പറഞ്ഞു എന്നു മാത്രമേയുള്ളൂ. ചുരുക്കത്തിൽ, എല്ലാ തൊഴിലുകൾക്കും ഇന്നു സംഘടനയുണ്ടായിവരുന്നുണ്ട്. കൃഷി, കച്ചവടം, വ്യവസായം, ഉദ്യോഗങ്ങൾ, മറ്റനേകം തൊ ഴിലുകൾ എന്നിവയ്ക്കൊക്കെ പ്രത്യേകം പ്രത്യേകം സംഘടനക ളും നിയമാവലിയും മറ്റുമുണ്ട്.

തൊഴിൽസംഘടനയിൽത്തന്നെ ഒരു പ്രത്യേക വിഭാഗമാ യി എടുത്തു പറയപ്പെടേണ്ടവയാണ് തൊഴിലാളിസംഘങ്ങൾ. ഇന്ത്യയിൽ എന്നല്ല, ലോകമൊട്ടുക്കുതന്നെ, എവിടെ നോക്കി യാലും തൊഴിലാളിസംഘങ്ങളുടെ പണിമുടക്കുസമരങ്ങളും അ തിനെ തുടർന്നുള്ള കുഴപ്പങ്ങളും കാണാനുണ്ട്. കയറിൽവെ തൊ ഴിലാളിസംഘം, ഹാർബർതൊഴിലാളിസംഘം, നെയ്ത്തുകമ്പ

നിത്തൊഴിലാളിസംഘം തുടങ്ങി എത്രയെത്ര തൊഴിലാളിസംഘ
ങ്ങളാണ് നമ്മുടെ കൺമുമ്പിൽ നടമാടുന്നത് !

ജോലിസമയം കുറയ്ക്കുക, കൂടുതൽ പ്രതിഫലം നേടുക, വാർദ്ധക്യകാലത്തേക്കു വിശ്രമവേതനം കരസ്ഥമാക്കുക, തൊഴിൽ ശാലകളിലെ പരിതഃസ്ഥിതികളും നന്നാക്കുക, തൊഴിലാളികളുടെ ആരോഗ്യസംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും ആവശ്യമുള്ള ആനുകൂല്യങ്ങളും സമ്പാദിക്കുക എന്നിങ്ങനെ പല കാര്യങ്ങളും ഈ സംഘടനകളുടെ പ്രവൃത്തിപരിപാടി നോക്കിയാൽ കാണാം.

ഈ സംഘങ്ങൾക്കെല്ലാം അവയുടെ നടത്തിപ്പിന്നാവശ്യമുള്ള തിയമാവലിയുണ്ട്. സംഘാംഗങ്ങളും ചട്ടങ്ങൾക്കനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്. അങ്ങനെ പ്രവർത്തിക്കാത്തവരുടെ മേൽ അച്ചടക്കനടപടികളെടുക്കാൻ സംഘത്തിന്ന് അവകാശമുണ്ട്. പ്രായേണ ഇത്തരം എല്ലാ സംഘടനകളുടേയും ഭരണം ഭൂരിപക്ഷാഭിപ്രായത്തെ ആധാരമാക്കീട്ടാണ് നടത്തപ്പെടുന്നത്. പ്രജായത്തഭരണത്തിനാവശ്യം പരിശീലനം സിദ്ധിക്കാനും യോജിച്ചുനിന്നു പ്രവർത്തിക്കാനുമുള്ള പരിചയവും സന്നദ്ധസ്സും സമ്പാദിക്കുവാനും ഇത്തരം സംഘങ്ങൾ വളരെ ഉപയോഗപ്പെട്ടിട്ടുണ്ട്. പൊതുജീവിതത്തിൽ പരിചയം സിദ്ധിക്കാൻ ആഗ്രഹിക്കുന്നവർ ഇത്തരം സംഘങ്ങളുമായി നിത്യസമ്പർക്കം നേടേണ്ടതാണ്.

തൊഴിലാളി സംഘങ്ങളെപ്പറ്റി ഈ അവസരത്തിൽ ഒരു കാര്യം പറയാതെ തരമില്ല. സദുദ്ദേശങ്ങളും പലതും അവയ്ക്കുണ്ടെന്നുള്ളതു പരമാർത്ഥം തന്നെ. പക്ഷേ, തൊഴിലാളികളും പ്രായേണ വിദ്യാഭ്യാസം കുറഞ്ഞവരായിരിക്കും. തന്മൂലം സ്വാർത്ഥതല്പരന്മാരായ നേതാക്കന്മാർ അവരുടെ സ്വാർത്ഥം കാര്യങ്ങളും നേടാൻവേണ്ടി ഇത്തരം സംഘടനകളെ ദുരുപയോഗപ്പെടുത്തുകപതിവുണ്ട്. ഒരു പ്രസംഗപീഠത്തിൽ കയറി ആത്മാർത്ഥതയുടെ കണികപോലുമില്ലാതെ അന്യോന്യം സഹായങ്ങളും വാ

ദാനം ചെയ്യാൻ അവർ മടിക്കില്ല. തൊഴിലാളികളുടെ കഷ്ടപ്പാടുകളോരോന്നും അവർ ചിത്രീകരിക്കുന്നതു കേട്ടാൽ കരളലിയാത്തവരുണ്ടാവില്ല. പക്ഷേ, അത്തരം പ്രസംഗക്കാരുടെ ഉദ്ദേശമെന്തെന്നു വിവേകപൂർവ്വം ചിന്തിച്ചു സമാധാനം കണ്ടുപിടിച്ചതിനുശേഷം മാത്രമേ അവരുടെ നേതൃത്വം സ്വീകരിക്കാവൂ. പ്രസംഗത്തേക്കാളധികം അവരുടെ സ്വഭാവത്തേയും, സേവനസന്നദ്ധതയേയും പറ്റിയാണ് ആലോചിക്കേണ്ടതു്. വഴിപിഴച്ച നേതൃത്വം പലപ്പോഴും തൊഴിലാളികളെ വിഷമിപ്പിക്കുന്നുണ്ടു്. തൊഴിൽ ചെയ്യാതെ ജീവിക്കുന്നവരുടെ പക്കൽ നേതൃത്വം സമർപ്പിക്കുന്നതിനേക്കാൾ നന്നായിരിക്കും തൊഴിൽ ചെയ്യുന്നവരെത്തന്നെ അതേല്പിച്ചുകൊടുക്കുന്നതു്. ഇതു് ഒരു അഭിപ്രായം മാത്രമാണെന്നു നിങ്ങൾ ഓർമ്മിച്ചേക്കണം.

---

3. സംഘടനകളും നിയന്ത്രണ നിയമങ്ങളും.

മേൽ വിവരിച്ച സംഘങ്ങളെല്ലാം സദുദ്ദേശത്തോടുകൂടി രൂപീകരിക്കപ്പെടുന്നതാണെങ്കിലും ഗവർമ്മേണ്ടിന്റെ നിയന്ത്രണമില്ലെങ്കിൽ ചിലപ്പോൾ വിഷമങ്ങളുണ്ടാകാൻ വഴിയുണ്ടു്. പൊന്നുംസൂചിയായാലും കണ്ണിൽ കുത്തിയാൽ വേദനയില്ലാതിരിക്കുമോ? സദുദ്ദേശങ്ങളെ ഒരുപയോഗപ്പെടുത്തി പൊതുജനക്ഷേമത്തിനു ഹാനിയുണ്ടാക്കാൻ സംഘടനകൾക്കു വിഷമമില്ല. 'ക്ഷൗരക്കത്തി' വളരെ മൂർച്ചയുള്ളതാണു്. എന്താണതിന്റെ ഉദ്ദേശം? മുഖം ക്ഷൗരംചെയ്യുമന്നതിനെ മോടിപിടിപ്പിക്കൽ. എന്നാൽ അതുകൊണ്ടു് ഒരുവന്റെ കഴുത്തറക്കാൻ തുനിഞ്ഞാലോ? അപ്പോൾ അതിന്റെ ഉപയോഗത്തെ നിയന്ത്രി

ക്കേണ്ടിവരും. നേരേമറിച്ച് അതുകൊണ്ട് പെൻസിൽ ചെത്താനാണ് ഉദ്ദേശിക്കുന്നതെങ്കിലോ? അതും ഒരുതരം ദുരുപയോഗപ്പെടുത്തൽ തന്നെയാണ്. ഇതുപോലെത്തന്നെ സംഘടനകളെ ആവശ്യത്തിനും അനാവശ്യത്തിനും, സ്ഥാനത്തും അസ്ഥാനത്തും, വേണ്ടിടത്തും വേണ്ടാത്തിടത്തും പ്രത്യക്ഷസമരത്തിലേക്കിറക്കാം. അഥവാ അതിന്റെ ഉദ്ദേശങ്ങളുടെ പരിധിക്കപ്പുറമുള്ള കാര്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്താം. അങ്ങനെ വരുമ്പോൾ അത്തരം പ്രസ്ഥാനങ്ങളിൽനിന്നും പൊതുജനങ്ങൾക്കു പ്രതീക്ഷിക്കുന്ന സേവനം നഷ്ടപ്പെട്ടുപോകാനിടയുണ്ട്. അതു സമ്മതിച്ചുകൊടുക്കുന്നതു പൊതുക്ഷേമത്തിന്നു്, ഹാനികരമാകയാൽ ഗവർമ്മേണ്ടു് ഇടപെടേണ്ടിവരുന്നു. ഇങ്ങനെയാണു് നിയന്ത്രണനിയമങ്ങളുണ്ടാകുന്നതു്.

ഒരു ഉദാഹരണം പറയാം. വസ്ത്രം നമുക്കെല്ലാവർക്കും ആവശ്യമുള്ള ഒരു സാധനമാണ്. നഗ്നത മറയ്ക്കാതെ പുറത്തിറങ്ങാൻ ഇന്നു് ആർക്കും ധൈര്യമില്ല; അത്തരം ഉദ്യമങ്ങളെ അനുവദിച്ചുകൊടുക്കാൻ നാം തയ്യാറില്ലതാനും. നമ്മുടെ നാട്ടിലെ എല്ലാ നെയ്ത്തുകമ്പനികളിലേയും തൊഴിലാളികൾ മുഴുവൻ ഒന്നായി സംഘടിച്ചു് ഒരു ദിവസം പെട്ടെന്നു് പണിമുടക്കമാരംഭിച്ചാൽ എന്തായിരിക്കും സ്ഥിതി? ഏതാനും ദിവസം നാം വല്ലുവിധത്തിലും കഴിച്ചുകൂട്ടുമെന്നുവരാം. എന്നാൽ അതു ദീർഘകാലത്തേക്കു തുടരുകയാണെങ്കിലോ? നാം വിഷമിക്കാതെ തരമില്ല. എന്നാൽ തൊഴിലാളികളുടെ ഈ പണിമുടക്കത്തിന്നു ന്യായമായ കാരണമുണ്ടെങ്കിൽ അതു തടയണം പാടുണ്ടോ? അതു വയ്യ. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ നീതി പ്രവർത്തിക്കേണ്ടതിന്നു് ചില നിയമങ്ങളൊക്കെ ആവശ്യമാണ്. കമ്പനിയുടമസ്ഥന്മാരുടെ പെരുമാറ്റത്തെയും തൊഴിൽ സംഘടനയുടെ നടത്തിപ്പിനേയും പൊതുജനക്ഷേമത്തിന്റെ പേരിൽ നിയന്ത്രിക്കാൻ മതിയായതായിരിക്കണം നിയമം.

പരിഷ്കൃതരാജ്യങ്ങളിലെല്ലാം തൊഴിൽ സംഘടനകളുടെ നിയന്ത്രണത്തിനു വേണ്ട നിയമങ്ങളുണ്ട്. അതനുസരിച്ച് റജിസ്റ്റർ ചെയ്ത സംഘടനകളും ഗവൺമെണ്ടിന്റെ അംഗീകരണവും സിദ്ധിച്ച സ്ഥാപനങ്ങളായിട്ടാണ് കണക്കാക്കപ്പെടുക. തൊഴിൽത്തർക്കങ്ങളുണ്ടാകുമ്പോൾ ഗവൺമെണ്ടിൽനിന്നു തന്നെ മദ്ധ്യസ്ഥത വഹിച്ച് തീരുമാനങ്ങളുണ്ടാക്കാൻ ശ്രമിക്കാറുണ്ട്. പണിമുടക്കേടും മറ്റും നടത്തുകയാണെങ്കിൽ മുൻകൂട്ടി അറിയിച്ചു കൊടുക്കേണമെന്നാണ് നിശ്ചയം. പണിമുടക്കിനു പ്രേരിപ്പിക്കുന്ന കാരണങ്ങളും ആ സന്ദർഭത്തിൽ വിശദമാക്കേണ്ടതും അതിനെപ്പറ്റി ആലോചിക്കുവാൻ മതിയായ സമയം കമ്പനിയുടമസ്ഥന്മാർക്ക് നൽകേണ്ടതുമാണ്. അങ്ങനെ ഒരു നിശ്ചിത തീയ്യതിക്കകത്ത് ആവശ്യങ്ങളും മുഴുവനുമോ, ഏതാനുമോ അനുവദിച്ചു കൊടുക്കുവാൻ അതിനു ചുമതലപ്പെട്ടവർ സന്നദ്ധരല്ലാതെ വരുമ്പോഴാണ് പണിമുടക്കും മറ്റും നടത്തുക. അത്തരം പണിമുടക്കുകളും നിയമദൃഷ്ട്യാ തെറ്റായിട്ടില്ലാ ഇന്നു ഗണിച്ചു വരുന്നതു്.

തൊഴിലാളികളുടെ ജോലിസമയം, കൂലിനിരക്ക്, അവധിക്കുള്ള വ്യവസ്ഥകളും, സൌജന്യ വേതനം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചെല്ലാം പരിഷ്കൃത ഗവൺമെണ്ടുകളും നിയമംവഴി രക്ഷ നൽകീട്ടുണ്ട്. ഇതിനുപുറമെ, അവർക്കു പാപ്പിടം, ആസ്പത്രി, വിദ്യാലയം തുടങ്ങിയുള്ള സൌകര്യങ്ങളും ചെയ്തുകൊടുക്കാനും പല ഗവൺമെണ്ടുകളും വ്യവസ്ഥകളുണ്ടാക്കീട്ടുണ്ട്. അവർ പൊതുജനരക്ഷണത്തിനു വേണ്ടി പരിശ്രമിക്കുന്നവരാണെന്നുള്ള ബോധമാണ് ഈ ആനുകൂല്യങ്ങളുമെല്ലാം പ്രചോദനം നൽകുന്നതു്.

ഇതുയും പറഞ്ഞതുകൊണ്ട് ഗവൺമെണ്ടുകളും തൊഴിലാളികളുടെ താല്പര്യം മാത്രമേ നോക്കുന്നുള്ളൂ എന്നോ, അവരുടെ ഏതൊരു ആവശ്യവും കണ്ണടച്ചു സമ്മതിച്ചുകൊടുക്കാൻ തയ്യാറുണ്ടെന്നോ ആരും തെറ്റിദ്ധരിച്ചേക്കരുതു്. മതിയായ കാരണം

കൂടാതെ പ്രക്ഷോഭണത്തിനു പുറപ്പെട്ടാൽ ആ സംഘടനയുടെ പ്രവർത്തനംതന്നെ നിരോധിക്കാറുണ്ട്. അതും പൊതുക്ഷേമത്തെ ഉദ്ദേശിച്ചു ചെയ്യുന്ന ഒരു നടപടിയാണ്. നിയമവിരുദ്ധമായി പ്രക്ഷോഭണംകൂട്ടി പൊതുസമാധാനത്തിനു ഭംഗം വരുത്തുകയാണെങ്കിൽ അതിനു മുമതലപ്പെട്ട നേതാക്കന്മാരെ ശിക്ഷിക്കാനും വ്യവസ്ഥകളുണ്ട്. ഇതൊക്കെ പരിഷ്കൃത രാജ്യങ്ങളിലെവിടേയും ഇന്നു നടപ്പുള്ളതാണ്. ചുരുക്കത്തിൽ സംഘടനകൾ പൊതുക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നോടത്തോളം കാലം ഗവർമ്മെണ്ടിന്റേയും പൊതുജനങ്ങളുടേയും ആനുകൂല്യം അവയ്ക്കു സിദ്ധിക്കും. നേരേ മറിച്ചാണെങ്കിൽ അവയുടെ പ്രവർത്തനം സ്തംഭിപ്പിക്കാനുള്ള നടപടികളായിരിക്കും ഗവർമ്മെണ്ട് അംഗീകരിക്കുക.

ശ്രീകൃഷ്ണ പ്രസ്സ്, തൃശ്ശൂർ.

Good Story

Good. History

ഗ്രന്ഥകാരന്റെ ഇതരകൃതികൾ.

വില.

1. ലോകചരിത്രം (ഒന്നാം ഭാഗം)
   നാലാം ഫാറത്തിലേക്ക് — 1—4—0

2. ആധുനിക ചരിത്രസംഗ്രഹം
   അഞ്ചാം ഫാറത്തിലേക്ക് .. 1—4—0

3. ആധുനിക ചരിത്രസംഗ്രഹം
   ആറാം ഫാറത്തിലേക്ക് — 1—4—0

4. Indian History Notes
   (S. S. L. C. Questions in English
   with answers in Malayalam) 0—8—0